മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 36 | THE ONLINE OFFICIAL NEWS BULLETIN | 2024 August 15

SEASON OF TRANSFIGURATION തേജസ്കരണകാലം ܥܕܢܐ ܕܓܠܝܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
1st Sunday after Shunoyo ♪4 **18**	♪8 ✝ Comme. of Apostle Mar Labi 33rd Mem. of Joseph Mar Pachomios (Mulakkulam, Karmelkunnu) **19**	♪4 Comme. of Prophet Samuel 1st Mem. of Zachariah MarAnthonios (Mount Horeb Sasthamkotta) **20**	♪8 **21**	♪4 Comme. Of Beth Hananiah (Hananiah, Azariah, Mishael) **22**	♪8 **23**	♪4 ✝ Comme. of St. Mathew the Apostle 6th Mem. Of Thomas Mar Athanasios (Othara Dayara) **24**



വയനാട് ദുരന്ത ഭൂമിയിൽ മലങ്കര മെത്രാപ്പോലീത്ത മോറോൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായും യൂഹാനോൻ മാർ പോളികാർപ്പോസ് മൊത്രാപ്പോലീത്തായും, ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായും സഭാ സ്ഥാനികളും സന്ദർശനം നടത്തുന്നു.



തിരുവനന്തപുരം ഭദ്രാസനത്തിലെ തിരുമംഗലം സെന്റ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിന്റെ പുതുതായി നിർമിക്കുന്ന ദേവാലയ കല്ലിടീൽ കർമ്മം ഇടവക മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് നിർവഹിക്കുന്നു. ഇടവക വികാരി മാത്യു എബ്രഹാം കോർഎപ്പിസ്കോപ്പ, വന്ദ്യ ദാനിയേൽ റമ്പാച്ചൻ, ഭരണ സമിതി അംഗങ്ങൾ എന്നിവർ സമീപം.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മിഷൻ ബോർഡിന്റെ ഭാഗമായ INAMS, വയനാട്ടിൽ ഉണ്ടായ പ്രകൃതി ദുരന്തത്തിൽ പ്രയാസമനുഭവിക്കുന്നവർക്കും അവരുടെ പുനരധിവാസത്തിനുമായുള്ള പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള ധന സമാഹരണത്തിന്റെ ആദ്യ തുക ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ നൽകുന്നു. യൂഹാനോൻ റമ്പാനും ഐനാംസ് പ്രവർത്തകരും സമീപം.





നവജ്യോതി മോംസ് മലബാർ ഭദ്രാസനത്തിന്റ നേതൃത്വത്തിൽ അരമന കോംപ്ലക്സിൽ ബുക്ക്സ്റ്റാൾ പ്രവർത്തനം ആരംഭിച്ചു. ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പാക്കോമിയോസ് ഉദ്ഘാടനം ചെയ്തു.

യൂഹാനോൻ മാർ പോളിക്കാർപ്പോസ് രണ്ട് ഭവനങ്ങൾ നിർമ്മിച്ചു നൽകും

ആലുവാ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വയനാട് ഉരുൾ പൊട്ടലിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്ക് നിർമ്മിച്ച് നൽകുന്ന ഭവനങ്ങളിൽ രണ്ട് ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ആവശ്യമായ തുക അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ പോളിക്കാർപ്പോസ് നൽകും. അതിന്റെ ആദ്യ ഗഡു മെത്രാപ്പോലീത്താ അൽമായട്രസ്റ്റി റോണി വർഗീസിനും സഭയുടെ അസോസിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മനും കൈമാറി.

ഭദ്രാസന സെക്രട്ടറി ഫാ. എൽദോസ് ഏലിയാസ്, തൃക്കുന്നത്ത് സെമിനാരി വികാരി ഫാ ബിനോയ് പരിയത്ത് , സെമിനാരി മാനേജർ ഫാ. റിജോ മാത്യു, ഭദ്രാസനത്തിലെ സീനിയർ വൈദീകരായ ഫാ. മാത്യൂസ് അരീക്കൽ കോർ എപ്പിസ്കോപ്പാ, ഫാ ഐസക്ക് കോർഎപ്പിസ്കോപ്പാ, ഭദ്രാസനത്തിലെ വിവിധ ദേവാലായങ്ങളിലെ വികാരിമാർ, ഭരണസമിതി അംഗങ്ങൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

835. ഒ. എം. ചെറിയാൻ, കോട്ടയം. കണിയാട്ടുനിരപ്പു കോക്കാട്ടു ഗീവറുഗീസു കത്തനാരുടെ മകൻ ചെറിയാനു വാദ്ധ്യാരായി ജോലി കൊടുത്താൽ കൊള്ളാം. 1095 കർക്കടകം 28. പരുമല സിമ്മനാരി.

836. കെ. വി. ഈപ്പൻ ...പ്പള്ളി. ലേഡി വില്ലിംഗ്ടണു എഴുത്തയച്ചു. കർക്കടകം 29. പരുമല സിമ്മനാരി.

837. കൈതയിൽ ചാണ്ടപ്പിള്ള, കല്ലൂപ്പാറ. ഉടനെ കോട്ടയത്തിനു പോകുന്നു. ഓണം കഴിഞ്ഞു അങ്ങോട്ടു വരണമെന്നു വിചാരിക്കുന്നു. 29-12-1095. പരുമല സിമ്മനാരി.

838. എം. പി. ജേക്കബ് വക്കീൽ, കോട്ടയം. പൊന്നബ്രഹാമിനെ കാണാൻ ഉടൻ അങ്ങോട്ടു പുറപ്പെടുന്നതാണ്. പരുമല, 29-12-1095.

839. കെ. സി. മാമ്മൻ മാപ്പിള. ആലപ്പുഴ, സഭാസംബന്ധമായ പല കാര്യങ്ങൾ. 29-12-95. പരുമല സിമ്മനാരി.

840. പറമ്പിൽ തര്യൻ, മാവേലിക്കര. അപ്പന്റെ മരണത്തെക്കുറിച്ചു അനുശോചനം. 29-12-95. പരുമല സിമ്മനാരി.

841. വള്ളക്കാലിൽ ഉണ്ണൂണ്ണിക്ക്. അയച്ചുതരുന്നതിനു പണം തൽക്കാലം കൈവശം ഇല്ലെന്നും തൽക്കാല ആവശ്യത്തിനു ബാങ്കിൽ നിന്നും വാങ്ങി കൊടുക്കയും സെപ്റ്റംബറിലെ ഫീസ് പിരിയുമ്പോൾ ബാങ്കിലേക്ക് തിരികെ കൊടുക്കയും ചെയ്യണമെന്നും മറ്റും. 1920 ചിങ്ങം 2-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

842. ഡോക്ടർ ബാബായ്ക്ക്. ചാത്തന്നൂർ കിഴക്കേവീട്ടിൽ കെ. ജി. ലൂക്ക് മുതലാളിയെ സംബന്ധിച്ച് ശിപാർശികത്ത്. ആഗസ്റ്റ് 17, 1920. കോട്ടയം സിമ്മനാരിയിൽ നിന്ന്.

843. ചാത്തന്നൂർ കിഴക്കേവീട്ടിൽ കൊച്ചുമുതലാളിക്ക് (കെ. ജി ലൂക്ക് മുതലാളി). ഡോക്ടർ ബാബായ്ക്കുള്ള എഴുത്ത് ഒപ്പിട്ട് തിരികെ അയക്കുന്നു എന്നും മറ്റും. എന്ന് 1920-നു കൊല്ലം 1096 ചിങ്ങം 30-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

844. ഇടയ്ക്കാട്ടുകുന്നേൽ പുത്തൻപള്ളിക്കാർക്ക്. അവർ പണി ചെയ്യിച്ചിരിക്കുന്ന പുത്തൻപള്ളി കെട്ടിടത്തിൽ സ്ലീബാ പ്രതിഷ്ഠ കഴിച്ച് കുർബാന അനുഷ്ഠിക്കുന്നതിനും മറ്റും കുറിയാക്കോസ് റമ്പാച്ചന്റെ പേർക്കും പാമ്പാടി പള്ളിയിലെ കശീശന്മാരുടെ പേർക്കും കല്പന കൊടുത്തിട്ടുള്ളതിനാൽ അവരെ വരുത്തി നടത്തിച്ചുകൊള്ളണമെന്നും മാമോദീസാ മുതലായ സകല ആത്മീയ ദിഷ്ടതികളും അവിടെ വച്ചു നടത്തിക്കൊള്ളുന്നതിന് അനുവദിച്ചിരിക്കുന്നു എന്നും പാമ്പാടി പള്ളിയിലെ കശീശന്മാരെ തവണ വികാരിമാരായി നിയമിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ട് പള്ളി നടത്തിച്ചുകൊള്ളണമെന്നും മറ്റും. എന്നു 1920-നു 1096 ചിങ്ങം 3-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

845. കുറിയാക്കോസ് റമ്പാച്ചന്. ഇടയ്ക്കാട്ടുകുന്നേൽ പുത്തൻപള്ളിയിൽ ഈ മാസം 15-നു യോഹന്നാൻ ശ്ലീഹായുടെ നാമത്തിൽ തൽക്കാല കൂദാശ ചെയ്തു സ്ലീബാ പ്രതിഷ്ഠിച്ചും വി. കുർബ്ബാന അനുഷ്ഠിക്കണമെന്നും മറ്റും. എന്നു 1920-നു 1096 ചിങ്ങം 5-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

846. പാമ്പാടി പള്ളിയിലെ കശീശന്മാർ ഇടയ്ക്കാട്ടുകുന്നേൽ പുത്തൻപള്ളിയിൽ സ്ലീബാ പ്രതിഷ്ഠിച്ചു വി. കുർബ്ബാന അനുഷ്ഠിക്കുന്നതിനും മാമോദീസാ മുതലായ സകല ആത്മീയ ദിഷ്ടതികളും അവിടെ നടത്തിക്കൊള്ളുന്നതിനും



നാം അനുവദിച്ചിരിക്കുന്നതിനാൽ കുറിയാക്കോസ് റമ്പാച്ചനോടു കൂടെ അവിടെ എത്തി അത് നടത്തിക്കണമെന്നും ടി കശീശന്മാരെ ടി പള്ളിക്ക് തവണ വികാരിമാരായി നിശ്ചയിച്ചിരിക്കുന്നുയെന്നും മറ്റും. എന്നു 1920-നു കൊല്ലം 1096-മാണ്ട് ചിങ്ങ മാസം 5-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

847. പടിഞ്ഞാറെക്കുറ്റു മൂപ്പൻ കത്തനാർക്കു. വല്യപാറേട്ടു മാത്യൂസ് കത്തനാർ കൂടെ ഇപ്പോൾ പട്ടം ഏറ്റിരിക്കുന്ന സ്ഥിതിക്ക് നിങ്ങൾ മൂപ്പൻ കത്തനാരും മകൻ കൊച്ചുകത്തനാരും വല്യപാറേട്ടു മാത്യൂസ് കത്തനാരും ഇങ്ങനെ മൂന്നു കശീശന്മാർ ഉള്ളവർ ഓരോ ആഴ്ച തവണയായി നടത്തികൊൾകയും പട്ടത്വവരുമാനങ്ങൾ മൂവരും ഒന്നുപോലെ ഭാഗിച്ചുകൊൾകയും ചെയ്യണമെന്നും മറ്റും. എന്ന് 1920-നു കൊല്ലം 1096 ചിങ്ങം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

848. പുതുപ്പള്ളിൽ പള്ളിയിലെ കശീശന്മാർക്ക്. ഇപ്പോൾ അവിടെ പടിഞ്ഞാറെക്കുറ്റു മൂപ്പൻ കത്തനാർ, മകൻ കൊച്ചു കത്തനാർ, വലിയപാറേട്ട് മാത്യൂസ് കത്തനാർ ഇങ്ങനെ ആകെ മൂന്നു കശീശന്മാർ ഉള്ളവർ ഓരോരുത്തർ ഓരോ ആഴ്ച തവണ വീതമായി നടന്നുകൊള്ളുകയും സകല പട്ടത്വ വരുമാനങ്ങളും മൂവരും ഒന്നുപോലെ ഭാഗിച്ചെടുത്തുകൊള്ളുകയും ചെയ്യണമെന്നും മറ്റും. എന്ന്

1920-നു 1096 ചിങ്ങം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

849. സി. ഒ. ഉമ്മന്. താമസിയാതെ പുത്തൻകാവിലേക്കു വരുന്നുണ്ടെന്നും മറ്റും. 1920-നു 1096 ചിങ്ങം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

850. തോപ്പിൽ പീലിപ്പോസു കത്തനാർക്കു. ഉടൻ വന്നുചേരണമെന്നും മറ്റും. 1920-നു 1096 ചിങ്ങം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

851. പാലത്തിങ്കൽ മത്തായി ഇത്താപ്പിരിക്ക്. വർത്തമാനങ്ങൾക്ക്. 1920-നു 1096 ചിങ്ങം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

852. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കു. വർത്തമാനങ്ങളെക്കുറിച്ച്. 1920 -നു 1096 ചിങ്ങം 8-നു കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

853. കൊച്ചുമെത്രാച്ചന്. വർത്തമാനങ്ങളെക്കുറിച്ച്. 1920-നു 1096 ചിങ്ങം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

854. തയ്യിൽ മാത്തുച്ചന്. സെൻസരി കമ്മീഷണർക്ക് അയപ്പാനുള്ള മറുപടി ഉടനെ എഴുതി അയച്ചുതരണമെന്നും മറ്റും. 1920-നു കൊല്ലം 1096 ചിങ്ങം 11-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

855. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങളെക്കുറിച്ച്. 11-1-96.

856. വി. ഐ. കോശി ശെമ്മാച്ചന്. ടിയാന്റെ പ്രയാസങ്ങളെക്കുറിച്ചും മറ്റും നമ്മെ ഒന്നു കൂടി കണ്ടു ചോദിക്കാതെ യാതൊന്നും തീർച്ചപ്പെടുത്തി കളയരുതെന്നും മറ്റും. 11-1-96. കോട്ടയം സിമ്മനാരി.

857. റ്റി. വി. ജോൺ ശെമ്മാച്ചന്. വള്ളക്കാലിൽ ഉണ്ണൂണ്ണി പണം അയച്ചു തരുമെന്നും അല്ലാത്തപ്പോൾ നാം അയക്കുന്നതാണെന്നും മറ്റും. 11-1-96. കോട്ടയം സിമ്മനാരി.

858. കണിയാന്ത്ര ഔസേപ്പ് നൈനാന്. കൽക്കട്ടാ വർത്തമാനങ്ങളെക്കുറിച്ച് മറുപടി അയച്ചു. 11-1-96. കോട്ടയം സിമ്മനാരി.

859. മാറാച്ചേരിൽ മൂപ്പച്ചന്. വർത്തമാനങ്ങളെക്കുറിച്ചും വികാരിത്വത്തെക്കുറിച്ച് കല്പന അയക്കുന്നു എന്നും മറ്റും. 11-1-96. കോട്ടയം സിമ്മനാരി.

860. മാറാച്ചേരിൽ മൂപ്പൻ കത്തനാർക്കും നാരകത്ത് പൗലോസ് കത്തനാർക്കും. കുന്നക്കുരുടി പള്ളിയിലെപ്പോലെ കുറ്റിക്കാട്ടു പള്ളിയിലേക്കും മൂപ്പൻ കത്തനാരെ വികാരിയും പൗലോസ് കത്തനാരെ സഹായ വികാരിയും ആയി നിയമിച്ചിരിക്കുന്നതിനാൽ ചുമതലകൾ കൃത്യമായി നടത്തിക്കൊള്ളണമെന്നും മറ്റും. 11-1-96. കോട്ടയം സിമ്മനാരിയിൽ നിന്നും.

861. Letter ... പണത്തിന് വളരെ ഞെരുക്കമാണെന്നും മറ്റും. 11-1-96. കോട്ടയം സിമ്മനാരി.

862. കിളിയാലേത്ത് പീലിപ്പോസിന്. കായങ്കുളത്തു പള്ളി സംബന്ധിച്ചും മറ്റും. 11-1-96. കോട്ടയം സിമ്മനാരി.

863. ഇലഞ്ഞിക്കൽ ഉതുപ്പച്ചന്. കുടുംബത്തിലെ വഴക്കിനെക്കുറിച്ചും മറ്റും. 11-1-96. കോട്ടയം സിമ്മനാരി.

864. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. .... സംഗതിയെ സംബന്ധിച്ചും മറ്റും. ആലോചിച്ചു മറുപടി അയയ്ക്കണമെന്നു. 11-1-96. കോട്ടയം സിമ്മനാരി.

865. താശിയിൽ മാത്തൻ കത്തനാർക്കു. കാർത്തികപ്പള്ളിയിലെ ഗ്രാന്റു സ്കൂളിനെ സംബന്ധിച്ച്. 11-1-96. കോട്ടയം സിമ്മനാരി.

867. തട്ടാശേരിൽ ഉണ്ണൂണ്ണിക്കു. ഗവർണറുടെ മദാമ്മയ്ക്കു ഇൻവിറ്റേഷൻ കത്തു അയച്ചു എന്നും മറ്റും. 13-1-96. കോട്ടയം സിമ്മനാരിയിൽ നിന്നും

868. കരിങ്ങാട്ടിൽ തോമ്മാ കത്തനാർക്കു. വർത്തമാനങ്ങളെക്കുറിച്ച്. 13-1-96. കോട്ടയം സിമ്മനാരിയിൽ നിന്നും.

869. ... കത്തനാർക്കു. വർത്തമാനങ്ങളെക്കുറിച്ച്. 13-1-96. കോട്ടയം സിമ്മനാരിയിൽ നിന്നും.

870. ... കത്തനാർക്കു. ടിയാന്റെ നടത്തയെക്കുറിച്ച്. പള്ളിക്കാരുടെ അഭിപ്രായത്തിന് എഴുതി അയച്ചു എന്നും മറ്റും. 13-1-96. കോട്ടയം സിമ്മനാരിയിൽ നിന്നും.

871. കാക്കശ്ശേരിൽ മാത്തുവിന്. കിഴക്കേ പുത്തൻപള്ളി പണിയെ സംബന്ധിച്ച്. 13-1-96. കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

872. പനയ്ക്കൽ പാത്തപ്പന്. കിഴക്കേ പുത്തൻപള്ളിയുടെ പണിയെ സംബന്ധിച്ച്. 13-1-96. കോട്ടയത്തു സിമ്മനാരിയിൽ നിന്നും.

873. ആർത്താറ്റു കുന്ദംകുളം പള്ളി കമ്മിറ്റിക്കാർക്കു. കിഴക്കേ പുത്തൻ പള്ളിയുടെ പണിക്കു പണസഹായം ചെയ്യണമെന്ന്. 13-1-96. കോട്ടയം സിമ്മനാരിയിൽ നിന്നും.

874. കാരയ്ക്കൽ പള്ളിയിലേക്ക്. പി. റ്റി. ഗീവറുഗീസ് കത്തനാർക്ക് തവണ കൊടുക്കുന്നതിന് അഭിപ്രായം അറിയിക്കണമെന്നും മറ്റും. 13-1-96. കോട്ടയം സിമ്മനാരിയിൽ നിന്ന്.

876. ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ പകുതിയിൽ വാഴൂർ, കങ്ങഴ, കാനം ഈ പള്ളികളിൽ കൂടിനടക്കുന്നവർക്ക് നെഴുൽമുറിയിൽ ... 105/2 ചെടിയാംതറ എന്ന സ്ഥലത്ത് ഒരു പള്ളി സ്ഥാപിക്കുന്നതിന് അനുവദിച്ചു കല്പന കൊടുത്തു. 18-1-96. കോട്ടയം സിമ്മനാരി.

877. പി. കെ. ഇട്ടിമാത്തുവിനു. ടിയാനു കിട്ടുവാനുള്ള പണത്തെ സംബന്ധിച്ചും മറ്റും. 15-1-96. കോട്ടയം സിമ്മനാരി.

878. ആർത്താറ്റു കുന്ദംകുളം പള്ളി കൈക്കാർക്ക്. പി. കെ. മാത്തുവിനു കൊടുപ്പാനുള്ള പണം കഴിയുന്നതും വേഗം കൊടുത്തു തീർക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

879. പൂതക്കുഴിയിൽ അബ്രഹാം കത്തനാർക്ക്. വർത്തമാനങ്ങളെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

880. തെങ്ങുന്തറയിൽ ഗീവറുഗീസ് കത്തനാർക്കു. മൈലപ്ര പള്ളിക്ക് പുതിയടത്ത് മാത്തനെ മുതൽചുമതലയ്ക്കും കരുവഞ്ചേരിൽ മത്തായിയെ കണക്കെഴുത്തിനും നിയമിച്ച് കല്പന അയക്കുന്നു എന്നും കുമ്പഴ പള്ളിയുടെ പണി, നമ്മുടെ പണപിരിവ് ഇവകളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

881. മൈലപ്ര പള്ളിക്കാർക്ക്. പുതിയടത്തു മാത്തനെ മുതൽചുമതലയ്ക്കും കരുവഞ്ചേരിൽ മത്തായിയെ കണക്കെഴുത്തിനും മേൽ ഒരാണ്ടത്തേക്കു സ്ഥിരപ്പെടുത്തി നിയമിച്ചിരിക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

882. കന്നുകുഴിയിൽ കുഞ്ഞൂഞ്ഞിന്. ഇത്രടം വന്നുപോകണമെന്ന്. 1096 ചിങ്ങം 15-നു. കോട്ടയം സിമ്മനാരി.

883. ചാലക്കുഴിയിൽ പൗലൂസിന്. ടിയാന്റെ മകൻ കൊച്ചുപാപ്പിയുടെ കല്യാണത്തെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

884. മാമ്മലത്തോപ്പിൽ കൊച്ചുമത്തായിക്ക്. ടിയാന്റെ തള്ളയുടെ മരണത്തെ സംബന്ധിച്ച്. 1920-നു കൊല്ലം 1096 ചിങ്ങം 15-നു കോട്ടയത്തു നിന്നും.

885. പാണത്തേറ്റിൽ കാട്ടുപറമ്പിൽ തോമ്മസു കത്തനാർക്ക്. ടിയാൻ നിരണത്തു പള്ളിയിൽ ആദ്യമായി കുർബാന ചൊല്ലുന്ന ദിവസമായ അടുത്ത ശനിയാഴ്ച അവിടെ എത്തി നമുക്ക് സംബന്ധിക്കുന്നതിന് സൗകര്യമില്ലെന്ന്. ടി തീയതി. ടി സ്ഥലം.

886. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. രാജി ഹർജിക്കു ..... യക്കണമെന്നും മറ്റും. 1920-നു 1096 ചിങ്ങം 19-നു. കോട്ടയം സിമ്മനാരി.

887. ചാലക്കുഴിയിൽ പൗലോച്ചനു. മകന്റെ കല്യാണത്തിൽ സംബന്ധിക്കുന്നതിനു വരുവാൻ നിവൃത്തിയില്ലെന്നു. ടി തീയതി. ടി സ്ഥലം.

888. വടക്കൻമണ്ണൂർ പള്ളിക്കാർക്കു. പാമ്പാടി വട്ടമല അബ്രഹാം കത്തനാരെ കൂടെ ആ പള്ളിക്കു പട്ടക്കാരനായി നിയമിച്ചിരിക്കുന്നതിനാൽ വട്ടക്കുന്നേൽ മൂപ്പൻ കത്തനാരും, പൈനുങ്കൽ മൂപ്പൻ കത്തനാരും കൂടെ തവണമുറ അനുസരിച്ചു നടന്നു പട്ടത്വ വരുമാനങ്ങൾ മൂന്നായി ഭാഗിച്ചു നടത്തിക്കൊള്ളണം. 1920-നു 1096 ചിങ്ങം 19-നു. കോട്ടയം സിമ്മനാരി.

889. ഈവാനിയോസു മെത്രാച്ചനു. മാവേലിക്കര പള്ളി ഉടമ്പടി എഴുതി വാങ്ങിക്കുന്നതിനെ സംബന്ധിച്ചും മറ്റും. 1920-നു 1096 ചിങ്ങം 20-നു. കോട്ടയം സിമ്മനാരി.

890. കിഴക്കേതലയ്ക്കൽ തോമ്മസു കത്തനാർക്കു. വർത്തമാനങ്ങൾക്കും അവിടുത്തെ ഭിന്നത സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

892. കരപ്പള്ളിൽ കത്തനാർക്കു. വള്ളം അയക്കണമെന്നും മറ്റും. 96 ചിങ്ങം 22-നു. കോട്ടയം.

893. പീലക്സിനോസ് മെത്രാച്ചനു. സ്കൂൾ തുറക്കുന്ന അവസരത്തിൽ എത്തിച്ചേരണമെന്നും മറ്റും. 1096 ചിങ്ങം 23-നു. കോട്ടയം സിമ്മനാരി.

25-നു 9 മണിക്കു കാറിൽ പുറപ്പെട്ടു 10 മണിയോടു കൂടി പുതുപ്പള്ളി പള്ളിയിൽ എത്തി കരോട്ടു താഴത്തു മുട്ടത്തുശേരിൽ വൃദ്ധന്റെ ശവസം

സ്കാര ശുശ്രൂഷയും ഉച്ചഭക്ഷണവും കഴിഞ്ഞു കാറിൽ പുറപ്പെട്ടു രണ്ടര മണിക്കു വാകത്താനം ഇംഗ്ലീഷ് സ്കൂൾ തുറക്കുന്നതിനായി എത്തി. കൃത്യാനന്തരം അഞ്ചര മണിക്കു പുറപ്പെട്ടു ഏഴു മണിക്കു സിമ്മനാരിയിൽ എത്തി.

894. പണിക്കരു കത്തനാരച്ചനു. വർത്തമാനങ്ങൾക്കും മറ്റും. 1920-നു 1096 ചിങ്ങം 26-നു. കോട്ടയം സിമ്മനാരി.

895. കൊച്ചുമെത്രാച്ചനു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

896. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. സ്കൂളിലെ പഠിത്തത്തെ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

897. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമുക്കേത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ നിരണത്തു പള്ളിയിലെ കശീശന്മാർക്കു ദൈവത്തിൽ നിന്നു കൃപയും വാഴ്വും വർദ്ധിച്ചിരിക്കട്ടെ.

പ്രിയരെ, നമ്മുടെ വി. സഭയിലെ കുർബാന തക്സാ മുതലായ വി. കൂദാശക്രമങ്ങൾ മേല്പട്ടക്കാരിൽ ആരുടെയും അനുവാദമോ പരിശോധനയോ കൂടാതെ ചിലർ ആരെക്കൊണ്ടോ സുറിയാനിയിൽ നിന്നും മലയാള ഭാഷയിൽ തർജ്ജമ ചെയ്തു അച്ചടിപ്പിച്ചു പ്രചരിപ്പിച്ചു വരുന്നതായി അറിയുന്നു. ഇങ്ങനെയുള്ള ക്രമങ്ങൾ മേല്പട്ടക്കാരുടെ അനുവാദത്തോടും പരിശോധനയോടും കൂടെ മാത്രമേ സഭയിൽ പ്രചരിപ്പിപ്പാൻ പാടുള്ളുയെന്നു നാം നിങ്ങളോടു പ്രത്യേകം പറഞ്ഞറിയിക്കണമെന്നില്ലല്ലോ. അതിനാൽ ഇങ്ങനെയുള്ള പുസ്തകങ്ങൾ നിങ്ങൾ വാങ്ങി ഉപയോഗിക്കയോ, മറ്റുള്ളവർ ഉപയോഗിപ്പാൻ അനുവദിക്കയോ ചെയ്യരുതെന്നു ഇതിനാൽ നിങ്ങളെ നാം അറിയിച്ചിരിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളിൽ സദാ വർദ്ധിച്ചിരിക്കട്ടെ. എന്നു 1920-നു കൊല്ലം 1096-മാണ്ടു ചിങ്ങ മാസം 26-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

ഈ കല്പന 26-നു മാത്രമേ അയച്ചുള്ളു. ഇതുപോലെ എല്ലാ പള്ളികൾക്കും എഴുതി അയച്ചു.

898. വെൺമണി പള്ളിക്കാർക്കു. അങ്ങോട്ടുള്ള യാത്രയെ സംബന്ധിച്ചു. 1096 ചിങ്ങം 26-നു. കോട്ടയം.

899. ആറ്റുപുറത്തു ഗീവറുഗീസു കത്തനാർക്കു. യാത്ര സംബന്ധിച്ചുള്ള പുറപ്പാടിനും മറ്റും. ടി തീയതി. ടി സ്ഥലം.

900. തയ്യിൽ കുഞ്ഞിനു. ചിട്ടിപ്പണം ഈപ്പൻ വക്കീലിനെക്കൊണ്ടു തരുവിപ്പിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

902. വഞ്ചിത്ര, പര്യാരം പള്ളികൾക്കു. പണപിരിവു തേവേലിൽ ഔസേപ്പു ശെമ്മാശൻ വശം കൊടുത്തയക്കണമെന്നും മറ്റും. 1096 ചിങ്ങം 28-നു. കോട്ടയം.

30-നു ഉച്ചയോടുകൂടെ കോട്ടയം സിമ്മനാരിയിൽ നിന്നും വള്ളം കയറി ചിറക്കടവിൽ അബ്രഹാമിന്റെ സുഖക്കേടു കണ്ടശേഷം തിരിച്ചു 31-നു രാവിലെ പരുമല സിമ്മനാരിയിൽ എത്തി.

903. പണിക്കരു കത്തനാർക്കു. ഇത്രടം വരണമെന്നും മറ്റും. 1920-നു 1096 ചിങ്ങം 31-നു പരുമല സിമ്മനാരിയിൽ നിന്നും.

904. പയ്യമ്പെള്ളിൽ അബ്രഹാമിനു. യോഗത്തിനു തൽക്കാലം വരുന്നതിനു സാധിക്കയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

905. എം. മാത്യു വക്കീലിനു. ജഡ്ജ്മെന്റു ഇതേവരെ കിട്ടിയില്ലെന്നും അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

906. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. ജഡ്ജ്മെന്റ് അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

907. പാടത്തു പുരവത്തിനു. പണം അയച്ചുതരണമെന്നും തുടിയന്റെ സംഗതിയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

908. തുടിയൻ പൗലൂസിനു. വർത്തമാനങ്ങൾക്കും തുകലനുമായിട്ടുള്ള രാജി സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

909. തച്ചേരിൽ ശെമ്മാച്ചനു. അവിടുത്തേക്കു പട്ടക്കാരനെ അയക്കുന്നതു സംബന്ധിച്ചും പഠിത്തക്കാരായ വിദ്യാർത്ഥികളെ സംബന്ധിച്ചും മറ്റും. 1096 ചിങ്ങം 31-നു. പരുമല.

910. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും ആട്ടത്തിരുനാൾ ദിവസം അനുമോദന കമ്പി അടിപ്പിക്കണമെന്നും മറ്റും. 1920-നു 1096 കന്നി 1-നു പരുമല സിമ്മനാരിയിൽ നിന്നും.

911. കാരയ്ക്കൽ പള്ളിക്കാർക്കു. പുത്തമ്പുരയ്ക്കൽ യാക്കോബു കത്തനാർക്കു ആ പള്ളിയിൽ മൂന്നിൽ ഒന്നു തവണയും ടി പള്ളി വക ഡയറി 7-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന വരുമാനങ്ങൾ നീക്കിയുള്ള വരുമാനങ്ങളിൽ മൂന്നിലൊന്നു അയാൾക്കു കൊടുക്കണമെന്നും, പിരിവുപണം റീശീസാ ഇവയും അയച്ചുതരണമെന്നും മറ്റും. 1096 കന്നി 3-നു. പരുമല സിമ്മനാരി.

912. ഇടവങ്കാട്ടു പള്ളിക്കാർക്കു. അങ്ങോട്ടുള്ള യാത്രയെ സംബന്ധിച്ചാലോചിക്കുന്നതിനായി വെൺമണി പള്ളിയിൽ വന്നുചേരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1096 കന്നി 4-നു വൈകിട്ടു പരുമല സിമ്മനാരിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു 5-നു രാവിലെ കൊല്ലകടവു പള്ളിയിൽ എത്തി കാപ്പി, ഉച്ചക്രമം ഇവ കഴിഞ്ഞു 12 മണിയോടു കൂടി പുറപ്പെട്ടു. ... 5 മണിക്കു വെൺമണി പള്ളിയിൽ എത്തി.

913. കണ്ടത്തിൽ ഈപ്പൻ വക്കീലിനു. ചിട്ടിപണത്തിനു ഈ മാസം 30-നു തന്നെ ആളയക്കുന്നതാണെന്നും മറ്റും. 1096 കന്നി 6-നു വെൺമണി പള്ളിയിൽ നിന്നും.

914. വഞ്ചിയിൽ പീലിപ്പോസു കത്തനാർക്കു. സെറാമ്പൂരിനു പോകുന്നതു സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

915. മലങ്കരയുള്ള എല്ലാ പള്ളികൾക്കും. സെറാമ്പൂർ വിദ്യാർത്ഥികൾക്കും മറ്റും ഒരു പട്ടക്കാരനെ അയക്കേണ്ടയാവശ്യത്തിലേക്കു പണസഹായം ചെയ്യണമെന്നും മറ്റും. 1920-നു 1096 കന്നി 6-നു. വെൺമണി പള്ളി.

916. ഉരുളിപ്രത്തു കോശി കത്തനാർക്കു. നാളെ ഇത്രടം വരണമെന്നും മറ്റും. 1920-നു 1096 കന്നി 8-നു. വെൺമണി പള്ളി.

917. മട്ടയ്ക്കൽ മല്പാനു. ഗവർണറുടെ വരവിനെ സംബന്ധിച്ചു സൂക്ഷ്മം അറിയിക്കണമെന്നു. 1096 കന്നി 9-നു. വെൺമണി.

918. തോനയ്ക്കാട്ടു പള്ളിക്കാർക്കു. 12-നു തിങ്കളാഴ്ച അവിടെ എത്തുന്നതാണെന്നു. ടി തീയതി. ടി സ്ഥലം.

919. ഒ. എം. ചെറിയാനു. വെൺമണിക്കാരൻ ഒരു കുട്ടിക്കു ജോലി കൊടുക്കണമെന്നു. 1920-നു 1096 കന്നി 10-നു വെൺമണി പള്ളി.

920. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

921. ഈവാനിയോസു മെത്രാച്ചനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

922. പീലക്സിനോസ് മെത്രാച്ചനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

923. കരിപ്പാൽ യാക്കോബു കത്തനാർക്കു. മറ്റത്തിൽ തോമ്മായുമായിട്ടുള്ള കേസ് സമാധാനപ്പെട്ടു തീരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

924. തെങ്ങുവിളയിൽ അബ്രഹാം കത്തനാർക്കു. മകൻ ശെമ്മാച്ചന്റെ ... സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

925. കുറ്റികണ്ടത്തിൽ അലക്സന്ത്രയോസ് കത്തനാർക്കു. പള്ളിക്കുള്ള അനുവാദം അയക്കുന്നുയെന്നും പണപിരിവിനെ സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

926. എഴുമറ്റൂർ പകുതിവക സർവ്വെ 302/57 നമ്പ്ര വസ്തുവിൽ 80 സെന്റുള്ള സ്ഥലത്തു ഒരു പള്ളിക്കനുവാദം ടി അപേക്ഷയിൽ തന്നെ അനുവദിച്ചു കൊടുത്തു. 1920-നു 1096 കന്നി 10-നു. വെൺമണി പള്ളി.

926. പണിക്കരു കത്തനാരച്ചനു. പുളിമൂട്ടിൽ യൗസേപ്പിന്റെ (റാന്നി) സംഗതിയിൽ വേണ്ടതു പ്രവൃത്തിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

927. ആറ്റുവാ പള്ളിക്കാർക്കു. യോഗത്തെ കണക്കു കേൾപ്പിച്ച ശേഷം തിരട്ടയക്കണമെന്നും മുതൽകെട്ടിനു തലക്കളത്തു യോഹന്നാനെയും, കണക്കിനു തൈക്കൂട്ടത്തിൽ ഈശോയെയും നിയമിച്ചിരിക്കുന്നുയെന്നും മൂന്നു പൂട്ടുള്ള പെട്ടിയിൽ പണം, റിക്കാർട്ടുകൾ ഇവ സൂക്ഷിക്കണമെന്നും വേണ്ടത്ര പട്ടക്കാരെ വികാരിമാരായി നിയമിച്ചിരിക്കുന്നുയെന്നും മറ്റും. 1920-നു 1096 കന്നി 12-നു വെൺമണി പള്ളി.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

വി. കന്യകമറിയാം

ഫിലിപ്പോസ് റമ്പാൻ

(ജ്യോതിസ്സ് ആശ്രമം)

പരിശുദ്ധ സഭ വി. കന്യകമറിയാമിനെ ദൈവമാതാവ് എന്ന് വിളിക്കുന്നു. എല്ലാ മാലാഖമാരുടെയും പരിശുദ്ധന്മാരുടെയും രാജ്ഞിയായും കർത്താവായ യേശുമശിഹായുടെ അടുത്ത് എല്ലാവരെക്കാൾ അപേക്ഷാ സ്വാതന്ത്ര്യമുള്ള വളായും കന്യകമറിയാമിനെ പരിശുദ്ധ സഭ വാഴ്ത്തുന്നു. പിതാവാം ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവളും, രണ്ടാം ഹവ്വായായി തീർന്നവളപം എല്ലാ മനുഷ്യരിലും വച്ച് ഭാഗ്യവതി എന്ന് സഭ വാഴ്ത്തപ്പെടുന്നവളാണ് വി. കന്യകമറിയാം. അവളെ ഓർത്ത് വിവിധ പെരുന്നാളുകൾ നാം ആചരിക്കുന്നു. പ്രത്യേകിച്ച് ആഴ്ചയിൽ ഒരു ദിവസം തന്നെ (ബുധൻ) മാതാവിനെ ഓർക്കുവാനായി മാറ്റിവച്ചിരിക്കുന്നു. മാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന നമ്മുടെ ആരാധനയുടെ ഒരു പ്രധാന ഭാഗമാണ് കൂടാതെ ആരാധനയിലെ എല്ലാ യാമ പ്രാർത്ഥനകളിലും മാതാവിന് പ്രത്യേകസ്ഥാനം കൊടുത്തിരിക്കുന്നു.

വി. കന്യകമറിയാം തിരുവചനത്തിൽ

പുതിയ നിയമത്തിൽ സുവിശേഷങ്ങളിലാണ് മറിയാമിനെക്കുറിച്ചുള്ള കൂടുതൽ വിവരണങ്ങളും. കന്യകമറിയാമിന്റെ ജനനത്തെക്കുറിച്ചോ, മരണത്തെക്കുറിച്ചോ ഒന്നും തന്നെ വി. വേദപുസ്തകത്തിൽ ലഭ്യമല്ല. യേശുക്രിസ്തുവുമായി ബന്ധപ്പെടുത്തിയാണ് കന്യകമറിയാമിനെക്കുറിച്ച് ഉള്ള ചരിത്രം മനസിലാക്കുവാൻ സാധിക്കുന്നത്. കന്യകമറിയാമിന്റെ പേരു പറഞ്ഞു രേഖപ്പെടുത്തിയിട്ടുള്ളത് മൂന്നു സുവിശേഷങ്ങളിലും (വി. മത്തായി, വി. മർക്കോസ്, വി. ലൂക്കോസ്) അപ്പോസ്തലപ്രവൃത്തികളിലുമാണ്. വി. യോഹന്നാൻറെ സുവിശേഷത്തിൽ പേരുപറയാതെ യേശുവിന്റെ അമ്മ, അവന്റെ അമ്മ എന്നെല്ലാമാണ് കൊടുത്തിരിക്കുന്നത്. പുതിയനിയമത്തിൽ വി. കന്യകമറിയാമിനെ ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട വിവിധ അവസരങ്ങളിൽ കാണാൻ കഴിയും.

എ) യേശുവിന്റെ ജനനസമയത്ത്

വി. മത്തായിയുടെ സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ വംശാവലിയെക്കുറിച്ചു വിവരിക്കുമ്പോൾ മറിയയുടെ ഭർത്താവായ യോസഫ് എന്ന യേശുക്രിസ്തുവിന്റെ വളർത്തപ്പനെക്കുറിച്ചും പറയുന്നു. (വി. മത്തായി 1:16) വീണ്ടും വി. മത്തായി 1:18–21 വരെയുള്ള ഭാഗങ്ങളിൽ യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു വിവരിക്കുമ്പോൾ കന്യകമറിയാമിന്റെ പേര് പല പ്രാവശ്യം പ്രസ്താവിക്കുന്നു. വി. മത്തായി 2:11–ൽ വിദ്വാന്മാർ വന്ന് യേശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു അവനെ നമസ്കരിച്ചു എന്ന് എഴുതിയിരിക്കുന്നു. വി. ലൂക്കോസിന്റെ സുവിശേഷത്തിലേക്ക് വരുമ്പോഴും യേശുവിൻറെ ജനനത്തോടനുബന്ധിച്ചു കന്യകമറിയാമിനോടുള്ള അറിയിപ്പ് വി. ലൂക്കോസ് 1–ൻറെ 26 മുതൽ 38 വരെ വിവരിക്കുന്നിടത്ത് കന്യകമറിയാമും ഗബ്രിയേൽ മാലാഖയും തമ്മിലുള്ള സംഭാഷണ സമയത്തു മാതാവിന്റെ പ്രതികരണം ഒക്കെ വായിക്കുവാൻ സാധിക്കും.

ബി) യേശുവിന്റെ ബാല്യകാലം

ശിശുവായ പൈതലിനെ ദേവാലയത്തിലേക്ക് സമർപ്പിക്കുവാൻ കൊണ്ടു പോകുന്നു (വി. ലൂക്കോസ് 2:34–35) ദേവാലയത്തിൽ വച്ച് അവർ ശീമോനെ കാണുകയും ശീമോൻ മാതാവ് ഭാവിയിൽ അനുഭവിക്കുവാൻ പോകുന്ന വേദനയെക്കുറിച്ചു പ്രവചിക്കുന്നുണ്ട്. 'നിൻറെ സ്വന്തപ്രാണനിൽ കൂടിയും ഒരു വാൾ കടക്കും' (വി. ലൂക്കോസ് 2:35). പിന്നീട് വീണ്ടും ആ അദ്ധ്യായത്തിൽ തന്നെ വി. ലൂക്കോസ് 2: 48–51 വരെയുള്ള ഭാഗത്ത് പെസഹാ പെരുന്നാളിനു ദേവാലയത്തിൽ പോയി തിരിച്ചു വരുന്നവഴി യേശുതമ്പുരാനെ കാണാതായപ്പോൾ കന്യകമറിയാമും യോസഫും കൂടി യേശുവിനെ തിരക്കി ദേവാലയത്തിൽ മടങ്ങിപ്പോകുന്നുണ്ട്. ഈ സംഭവം വിവരിക്കുന്നിടത്തും മാതാവിനെക്കുറിച്ചുള്ള പരമാർശം നമുക്ക് കാണാൻ കഴിയും.



സി) യേശുവിന്റെ പരസ്യശുശ്രൂഷാവേളയിൽ

വി. യോഹന്നാൻ 2:3 മുതൽ 5 വരെയുള്ള ഭാഗത്ത് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ ചെയ്ത അത്ഭുതപ്രവൃത്തിയെക്കുറിച്ചു വിവരിക്കുമ്പോൾ മാതാവിൻറെ സമയോചിതമായ ഇടപെടൽ മൂലമാണ് ഈ അത്ഭുതപ്രവൃത്തി നടന്നത്. ഇവിടെ 5–ാം വാക്യത്തിൽ മാതാവ് ശുശ്രൂഷക്കാരോടു പറയുന്നുണ്ട് 'അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവിൻ. മാതാവിന്റെ ലോകത്തോടുള്ള ഏറ്റവും വലിയ ഉപദേശമാണ് അവൻ കല്പിക്കുന്നത് അനുസരിക്കുവിൻ. വീണ്ടും വി. മർക്കോസ് 3–ൻറെ 31 മുതൽ 35 വരെയുള്ള ഭാഗത്ത് യേശുവിന്റെ അമ്മയും സഹോദരങ്ങളുമായി യേശുതമ്പുരാനെ കാണുവാൻ ആഗ്രഹിച്ചുകൊണ്ട് ആളയക്കുമ്പോൾ യേശുതമ്പുരാൻ പറയുന്നു 'ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർ അത്രേ എന്റെ സഹോദരനും സഹോദരിയും അമ്മയും എന്നു പറഞ്ഞു.' വി. ലൂക്കോസ് 11–ൻറെ 27 മുതൽ 28 വരെയുള്ള ഭാഗത്ത് 'നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ' എന്ന് ഒരു സ്ത്രീ വിളിച്ചു പറയുമ്പോൾ അതിനു മറുപടിയായി യേശു പറയുന്നത് 'ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ' എന്നു പറഞ്ഞു. ഈ രണ്ടു വേദഭാഗത്തും ദൈവത്തിൻറെ വചനം കേട്ട് ദൈവഹിതത്തിനനുസരിച്ച് ജീവിച്ചവൾ ആണ് കന്യകമറിയാം, തന്റെ മാതാവ് എന്ന് യേശു സ്ഥാപിക്കുന്നു.

ഡി) യേശുവിന്റെ ക്രൂശിന്നരികിൽ

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ അവസാന ഭാഗത്ത് ക്രൂശിനരികിൽ നൽക്കുന്ന മാതാവിനെ വി. യോഹന്നാൻ 19-ന്റെ 25 മുതൽ 27 വരെയുള്ള ഭാഗത്ത് നമുക്ക് കാണാം. യേശു യോഹന്നാനോട് ഇതാ നിൻറെ അമ്മ എന്നു പറഞ്ഞു. മാതാവിനെ സകലരുടെയും മാതാവായി യോഹന്നാനെ ഏല്പിക്കുന്നു. ഇവിടെ ക്രൂശിന്നരികെ നിൽക്കുമ്പോൾ യേശു പൈതലായിരുന്ന സമയത്ത് ദേവാലയത്തിൽ സമർപ്പിക്കുവാൻ പോയപ്പോൾ ശിമ്യോൻ അമ്മയോടു പറയുന്ന ഒരു വാചകം ഉണ്ട്. 'നിന്റെ സ്വന്ത പ്രാണനിൽ കൂടിയും ഒരു വാൾ കടക്കും.' ആ പ്രവചനം ക്രൂശിൻ ചുവട്ടിൽ മാതാവിൽ പൂർത്തീകരിക്കപ്പെടുന്നു.

ഇ) ആദിമസഭയിൽ

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർ എല്ലാവരും കൂടി യേശുവിന്റെ നിർദ്ദേശപ്രകാരം യെരുശലേമിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുമ്പോൾ അവരുടെ നടുവിൽ നേതാവായി കന്യകമറിയാമും ഉണ്ടായിരുന്നു. 'ഇവർ എല്ലാവരും സ്ത്രീകളോടും യേശുവിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരന്മാരോടും കൂടെ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചുപോന്നു.' (അപ്പോ. പ്രവൃ. 1:14) ഇതൊഴിപ്പാൻ കന്യകമറിയാമിൻറെ സാന്നിദ്ധ്യത്തെ വ്യക്തമായി സൂചിപ്പിക്കുന്ന വേദഭാഗങ്ങൾ പുതിയനിയമത്തിൽ സുവിശേഷങ്ങൾക്ക് പുറത്തു വേറെ ഇല്ല. 'യേശുവിന്റെ അമ്മ മറിയം' എന്നു പ്രത്യേകം എടുത്തു പറഞ്ഞു മാതാവിനു മറ്റു സ്ത്രീകളിൽ നിന്നു വ്യത്യസ്തത വെളിപ്പെടുന്നുണ്ട്. 'യേശുവിന്റെ അമ്മ മറിയം' എന്നു കൊടുത്തിട്ടുള്ളത് അപ്പോസ്തല പ്രവൃത്തികളിലെ ഈ ഭാഗത്തു മാത്രമാണ്. എന്തായാലും ആദിമസഭയിലെ വിശ്വാസസമൂഹത്തിലെ അവിഭാജ്യ ഘടകമായിരുന്നു കന്യകമറിയാം എന്നതിലുപരി പ്രത്യേക സ്ഥാനവും പരിഗണനയും ലഭിച്ച വ്യക്തിയാണ് കന്യകമറിയാം എന്ന് ഈ വാക്യത്തിലൂടെ വ്യക്തമാക്കുന്നു.

കന്യകമറിയാമിനെക്കുറിച്ചുള്ള പഴയനിയമ നിഴലുകൾ

സുറിയാനി സഭാ പാരമ്പര്യത്തിൽ ദൈവമാതാവുമായി ബന്ധപ്പെട്ടു അനേക പഴയനിയമ നിഴലുകൾ ആരാധനയിൽ നാം ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യത്തേത് ഉൽപ്പത്തി പുസ്തകത്തിൽ യാക്കോബ് കണ്ട സ്വർഗ്ഗത്തിലേക്കുള്ള ഗോവണി (ഉൽപ്പത്തി. 28:10-17) ബഥേൽ മോശ കണ്ട വെന്തുപോകാത്ത മുൾപ്പടർപ്പ് (പുറപ്പാട് 3:1-8) മന്നാ ഇട്ടുവെച്ച പൊൻപാത്രം (പുറപ്പാട് 16:33) യിസ്രായേൽ മക്കളുടെ കനാൻ നാട്ടിലേക്കുള്ള യാത്രയിൽ ജീവജലമൊഴുക്കിയ തീക്കൽപാറ (പുറപ്പാട് 17:6) ഗിദയോനെ കാണിച്ചു കൊടുത്ത മഞ്ഞു വീണ രോമക്കെട്ട് (ന്യായ. 6:36-38) ഇവ ചില പ്രതീകങ്ങൾ മാത്രം ഇവയിലൂടെ കന്യകമറിയാമിന്റെ കന്യാജനനത്തെ പിതാക്കന്മാർ സൂചിപ്പിക്കുന്നു. ഈ കാര്യങ്ങൾ ഒക്കെ സഭയുടെ ആരാധനയിൽ വ്യക്തമായി പറയുന്നുണ്ട്. ബുധനാഴ്ചയുടെ മൂന്നാം മണി നമസ്കാരത്തിൽ നാം ഇപ്രകാരം പാടുന്നു.

'അത്ഭുതമാം ഫലമേകും വൃക്ഷം
കർക്കശമാം ശില, മീനേവം
പാഷാണ്ഡർക്കെതിരെ ദൃഷ്ടാന്തം
മൂന്നെണ്ണം സഭകാട്ടുന്നു.

കുഞ്ഞാടിനെ വൃക്ഷം നൽകി
തീക്കൽ പാറജലം നൽകി
എസ്തീറാ മത്സ്യവുമേകീ
കന്യാക്ഷേപകരേ മൂന്നും
പരിഹാസത്തൊടു വീക്ഷിച്ചു.'

ജഡം ധരിച്ച വചനത്തെ പരിശുദ്ധ റൂഹാമൂലം ഗർഭം ധരിച്ചു പ്രസവിച്ചതിലൂടെ ദൈവപുത്രന്റെ മർത്തീകരണ കർമ്മത്തിന്റെ കേന്ദ്രസ്ഥാനത്തു മറിയാം നിലകൊണ്ടു. ജനനത്തിലുള്ള പങ്കാളിത്തത്തോടൊപ്പം പരസ്യശുശ്രൂഷയിലും ആദിയോടന്ത്യം വി. കന്യകമറിയാമിന്റെ സാന്നിദ്ധ്യം തിരുവചനം വ്യക്തമാക്കുന്നു. പുനരുത്ഥാനം ചെയ്ത ദൈവപുത്രനെ ദർശിക്കുവാനുള്ള ഭാഗ്യവും കന്യകമറിയാമിനു ലഭിച്ചു. ക്രിസ്തുവിന്റെ ജനനം കഷ്ടാനുഭവം, മരണം, ഉയിർത്തെഴുന്നേൽപ്പ്, സ്വർഗ്ഗാരോഹണം ഇവയ്ക്കെല്ലാം ദൃക്സാക്ഷിയാകുവാനുള്ള ഭാഗ്യം ലഭിച്ചത് മാതാവായ കന്യകമറിയാമിനാണ്. പരിശുദ്ധാത്മാവിന്റെ നിറവിനും, നടത്തിപ്പിനും വിധേയപ്പെടുവാനുള്ള ഭാഗ്യം ലഭിച്ച കന്യകമറിയാമിനെ സർവ്വതലമുറകളും ഭാഗ്യവതി എന്നു വാഴ്ത്തും എന്നാണ് തിരുവചനം സാക്ഷിക്കുന്നത്. അങ്ങനെ ദൈവപുത്രന്റെയും ദൈവപുത്രനിലൂടെ നമ്മുടെയും അമ്മയായ ദൈവമാതാവിനെ ആദരിക്കുമ്പോഴും ആ മദ്ധ്യസ്ഥതയിൽ അഭയപ്പെടുമ്പോഴും ആരേക്കാൾ അധിക സന്തോഷിക്കുന്നത് ആ അമ്മയുടെ മകൻ തന്നെയാണ്. ആ അമ്മയെ ആദരിക്കുന്നത്, അവളെ സ്മരിക്കുന്നത് ആ അനുസ്മരണം ആഘോഷമാക്കുന്നതും പുത്രൻ തമ്പുരാനോടുള്ള ആദരവാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെയും വിധേയത്വത്തിന്റെയും പ്രകടനമാണത്.

കന്യകമറിയാമിന്റെ നാമത്തിലുള്ള പെരുന്നാളുകൾ

പരിശുദ്ധ ദൈവമാതാവിന്റെ ഇഹലോകജീവിതത്തിലെ സുപ്രധാന സംഭവങ്ങളെ അനുസ്മരിക്കുന്നതിനും മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നതിനും വിവിധ ദിനങ്ങൾ സഭയിൽ പിതാക്കന്മാർ പെരുന്നാളുകളായി ക്രമീകരിച്ചിട്ടുണ്ട്. മാർച്ച് 25 വചനിപ്പ് പെരുന്നാൾ, ഡിസംബർ 26 പുകഴ്ച പെരുന്നാൾ, ജനുവരി 15 വിത്തുകളുടെപ്രതിയും മെയ് 15 കതിരുകളെ പ്രതിയുമുള്ള പെരുന്നാൾ, ആഗസ്റ്റ് 15 വാങ്ങിപ്പുപെരുന്നാൾ, സെപ്റ്റംബർ 8 ജനനപ്പെരുന്നാൾ. ഈ പെരുന്നാളുകൾ കൂടാതെ അർമ്മീനിയൻ ഓർത്തഡോക്സ് സഭ, കോപ്റ്റിക് ഓർത്തഡോക്സ് സഭ തുടങ്ങിയ പല പൂർവ്വിക സഭകളിലും മാതാവിന്റെ നാമത്തിൽ വിവിധ പെരുന്നാളുകൾ ആചരിക്കുന്നു. ആഗസ്റ്റ് 15-നു ആഘോഷിക്കുന്ന വാങ്ങിപ്പുപെരുന്നാളാണ് കന്യകമറിയാമിന്റെ നാമത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട പെരുന്നാൾ. ഇതിനു മുന്നോടിയായി ആഗസ്റ്റ് 1 മുതൽ രണ്ടാഴ്ചക്കാലം സഭ പ്രത്യേകമായി നോമ്പ് അനുഷ്ഠിക്കുന്നു. വി. കന്യകമറിയാമിനെ ഓർത്ത് അവളുടെ പെരുന്നാൾ ആചരിക്കുന്നതു മൂലം അവളോടുകൂടെ സാദൃശ്യപ്പെടുവാൻ നമുക്ക് സാധിക്കണം. വി. ശൂനോയോ പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയുടെ ബോവൂസായിൽ നാം ഇപ്രകാരം ചൊല്ലുന്നു. 'കന്യക മാതാവേ! നിന്റെ വിശുദ്ധാവസ്ഥയെയും ഭാഗ്യാവസ്ഥയെയും സന്തോഷത്തോടു കൂടി മഹത്വപ്പെടുത്തുവാനും നിന്നോട് സാദൃശ്യപ്പെടുവാനും നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമെ.' വി. കന്യകമറിയാമിനോട് നമുക്ക് എങ്ങനെ സാദൃശ്യപ്പെടുവാൻ സാധിക്കും?

കന്യകമറിയാമിന്റെ പ്രാർത്ഥനാജീവിതം മാതൃകയാക്കുന്നതിലൂടെ

ഒരു സാധാരണ സ്ത്രീയായി ജനിച്ച കന്യകമറിയാം ദൈവപുത്രൻറെ മാതാവാകാൻ തിരുഹിതമായതു അവളുടെ പ്രാർത്ഥനാജീവിതം മൂലമാണ്. മനുഷ്യനെ ദൈവികരാക്കുന്നതിനു സഹായിക്കുന്ന പ്രക്രിയയാണ് പ്രാർത്ഥന. പ്രാർത്ഥന എന്നത് ദൈവവുമായുള്ള സംസർഗ്ഗമാണ്. കന്യകമറിയാം തൻറെ പൈതൽപ്രായം മുതൽ ദൈവമുമ്പാകെയുള്ള സംസർഗ്ഗത്തിനു കൂടുതൽ സമയം ചിലവഴിക്കാനായി ശ്രദ്ധിച്ചു. മനുഷ്യൻ വസിക്കുന്ന ഭൂമിയും, ദൈവം വസിക്കുന്ന സ്വർഗ്ഗവും തമ്മിൽ ബന്ധിക്കുന്ന പാലമാണ് പ്രാർത്ഥന. ദൈവം വസിക്കുന്നത് സ്വർഗ്ഗത്തിലാണ്. ഭൂമിയിൽ സ്വർഗ്ഗമായി തീരുന്നതിനുള്ള അനുഗ്രഹത്തിനു സ്വർഗ്ഗീയ പിതാവ് തിരഞ്ഞെടുത്ത അമൂല്യരത്നമാണ് കന്യകമറിയാം. ഈ ഒരു ഭാഗ്യം തന്റെ പ്രാർത്ഥനാ ജീവിതത്തിലൂടെയാണ് കന്യകമറിയാം നേടിയെടുത്തത്. ശൂനോയോ പെരുന്നാളിന്റെ പ്രഭാത പ്രാർത്ഥനയിലെ കോലോയിൽ നാം ഇപ്രകാരം ചൊല്ലുന്നു. 'വി. മാതാവേ നീ പ്രസവിച്ചിട്ടുള്ള ദൈവപുത്രന്റെ അടുക്കൽ നിന്റെ പ്രാർത്ഥന തുല്യമില്ലാത്തവണ്ണം സ്വീകാര്യയോഗ്യമാകയാൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പാൻ ദയവുണ്ടാകണമെ.'

ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഏകമദ്ധ്യസ്ഥൻ ക്രിസ്തു മാത്രം. മറ്റാർക്കും മനുഷ്യരെ സമ്പൂർണ്ണമായി ദൈവീകരായി രൂപാന്തരപ്പെടുത്തുവാനോ വീണ്ടെടുത്തു രക്ഷിക്കുവാനോ സാദ്ധ്യമല്ല. എന്നാൽ ക്രിസ്തു ആവശ്യക്കാരുടെ അഭ്യർത്ഥനകളിൽ അലിവുതോന്നി അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ അപേക്ഷപ്രകാരം രോഗവിമുക്തി നൽകിയിട്ടുണ്ട്. ദൈവം ഏവരുടെയും അർത്ഥനകൾ ശ്രദ്ധിക്കുകയും ഉത്തരമരുളുകയും ചെയ്യും. ഭക്തിയോടും വിശുദ്ധിയോടും ദൈവഹിതമനുസരിച്ച് ഇവിടെ ജീവിച്ച ശേഷം നിത്യലോകത്തു ദൈവത്തോടുകൂടെ വസിക്കുമ്പോഴുള്ള വിശുദ്ധരുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിനു ഏറെ സ്വീകാര്യയോഗ്യമാണ്. വി. മാതാവിൻറെ ദൈവപുത്രന്റെ സന്നിധിയിലുള്ള അർത്ഥനകൾക്ക് ഉപേക്ഷ കൂടാതെ ഉത്തരമരുളും എന്നതാണ് നമ്മുടെ വിശ്വാസം. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കൊത്തിനെയിലെ കല്യാണവിരുന്നിനു വി. കന്യകമറിയാമിന്റെ പ്രാർത്ഥനയാൽ പച്ചവെള്ളത്തെ രുചികരമായ വീഞ്ഞാക്കി രൂപാന്തരപ്പെടുത്തി ആ

ഭവനത്തിലെ കുറവിനെ തീർത്തു കൊടുത്തത്. ദൈവഹിതം അറിഞ്ഞും, ആരാഞ്ഞും, അനുഷ്ഠിച്ചും ജീവിച്ച കന്യകമറിയാം അവിടുത്തെ ഹിതമനുസരിച്ചു മാത്രമേ പുത്രനോടർത്ഥിക്കുകയുള്ളു. മാതാവിന്റെ മദ്ധ്യസ്ഥതയുടെ ശക്തിയും ഫലസാദ്ധ്യതയും അതു വ്യക്തമാക്കുന്നു. ആയതിനാൽ വി. കന്യകമറിയാമിൻറെ പ്രാർത്ഥനാജീവിതം നമുക്ക് ഈ നോമ്പിൽ മാതൃകയാക്കാം.

വി. കന്യകമറിയാമിനെപ്പോലെ വിശുദ്ധ ജീവിതം നയിക്കുന്നതിലൂടെ


ദൈവത്തെ സമീപിക്കുവാനുള്ള അടിസ്ഥാനഘടകം വിശുദ്ധിയാണ്. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരാകുവിൻ (ലേവ്യ 19:2) വി. കന്യകമറിയാമിൽ ഈ വിശുദ്ധി നിറഞ്ഞു കവിഞ്ഞു തന്മൂലം ദൈവപുത്രൻ വന്നു കന്യകയിൽ വസിക്കുവാനും ശരീരമെടുക്കുവാനും കാരണമായി. കാരണം അവൾ തൻറെ ശരീരത്തെ വിശുദ്ധമായി സൂക്ഷിച്ചു. പരിശുദ്ധ കന്യകമറിയാമിനെ പരിശുദ്ധാത്മാവ് ദൈവപുത്രനു വാസസ്ഥമാക്കി ദേവാലയമാക്കി അവളെ പവിത്രീകരിച്ചു, ശുദ്ധീകരിച്ചു, സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാക്കിത്തീർത്തു. സ്രൂഗിലെ മാർ യാക്കോബ് അഭിപ്രായപ്പെടുന്നു, 'ദൈവപുത്രൻ ഭൂമിയിലെ ഏറ്റവും വിശുദ്ധമായ ശ്രീകോവിലിൽ വന്നു വസിച്ചു. എന്തുകൊണ്ടെന്നാൽ അതു അവിടുത്തേക്കു പ്രീതികരമായി.' വി. പൗലോസ് ശ്ലീഹാ കോരിന്ത്യ ലേഖനത്തിൽ പറയുന്നു "നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിൻറെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ ദൈവത്തിൻറെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ (1 കോരി 3:16-17). ക്രിസ്തുവിനു ഇറങ്ങി വസിക്കുവാൻ തക്കവണ്ണം നമ്മുടെ ശരീരത്തെയും മനസിനെയും വിശുദ്ധമായി സൂക്ഷിക്കുക എന്നത് നമ്മുടെ ഉത്രവാദിത്വം ആണ്.

വി. മാമോദീസായിൽ വി. മൂറോൻ അഭിഷേക സമയത്ത് കാർമ്മികൻ സ്ഥാനാർത്ഥിയുടെ ശരീരത്തിൽ വി. മൂറോനാൽ അഭിഷേകം നടത്തുന്ന സമയത്ത് പാടുന്ന ഗീതത്തിൽ പറയുന്നത് 'അഹറോനെ വി. തൈലത്താൽ വിശുദ്ധീകരിച്ചതുപോലെ ഇവനെയും / ഇവളെയും വിശുദ്ധീകരിക്കണമെ.' പഴയനിയമത്തിൽ പുരോഹിതന്മാരെയും രാജാക്കന്മാരെയും തൈലം ഒഴിച്ച് അഭിഷേകം ചെയ്യുന്നതിലൂടെ അവരിൽ ദൈവാത്മാവ് വന്നു വസിക്കുന്നു എന്നു വിശ്വസിച്ചിരുന്നു. അതുപോലെ വി. മൂറോൻ അഭിഷേകത്തിലൂടെയും നമ്മിൽ പരിശുദ്ധാത്മാവ് വന്നു വസിച്ച് വിശുദ്ധിയുള്ളവരാക്കി തീർക്കുന്നു, നിർമ്മല ഹൃദയത്തിനുടമകളാക്കി രൂപാന്തരപ്പെടുത്തുന്നു. ദാവീദ് തൻറെ സങ്കീർത്തനത്തിൽ പാടുന്നത്, 'ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായൊരാത്മാവിനെ എന്നിൽ പുതുക്കണമെ' (സങ്കീ. 51:10). ക്രിസ്തുവിനു ഇറങ്ങി വസിക്കുവാനായി നിർമ്മലമായ വിശുദ്ധമായ ഒരിടം ആവശ്യമാണ്. അതിനായി മറിയാം തന്നെത്തന്നെ പാകപ്പെടുത്തി. തൻറെ വിശുദ്ധമായ ജീവിതത്തിലൂടെ ലോകരക്ഷകനു പാർക്കാനുള്ള ഒരിടമായി മറിയാം തന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തി ചരിത്രത്തിലൊരിക്കലായി അരങ്ങേറിയ ഏകജാതൻറെ മർത്തീകരണത്തിനു സൃഷ്ടിയുടെയും സൃഷ്ടിയുടെ മകുടമായ മനുഷ്യകുലത്തിൻറെയും ഭാഗത്തുനിന്നു ഏറ്റവും കൂടുതൽ പങ്കും പങ്കാളിത്തവും പങ്കപ്പാടും വഹിച്ചത് മറിയാമാണ്. അഥവാ ദൈവപുത്രൻ മനുഷ്യപുത്രനാകാൻ പ്രപഞ്ചത്തിന്റെ ഭാഗത്തുനിന്നു സഹകരിച്ച സാഹചര്യമൊരുക്കിയത് കന്യകമറിയാമാണ്.

വി. കന്യകമറിയാം വചനമായ ദൈവത്തെ ലോകത്തിനു നൽകിയതുപോലെ വി. സഭ ദൈവപുത്രനായ യേശുക്രിസ്തുവിനെ അപ്പവീഞ്ഞുകളിലൂടെ സഭയ്ക്കു നൽകുന്നു. മാത്രമല്ല വിശ്വാസികൾക്ക് കന്യകമറിയാമിനെപ്പോലെ ദൈവപുത്രനെയുള്ളിൽ വഹിച്ചു പരിശുദ്ധാലയമായി പരിണമിക്കാമെന്നു ദൈവമാതാവിലുള്ള പരിശുദ്ധ റൂഹായുടെ പ്രവർത്തനം പഠിപ്പിക്കുന്നു. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത്, 'ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിൻറെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരമെന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?' (1 കോരി. 6:19). പരിശുദ്ധ റൂഹായുടെ ആവസിപ്പിലൂടെ കന്യകമറിയാം ദൈവപുത്രനെ ഉള്ളിൽ സ്വീകരിച്ചു സ്വന്ത ശരീരരക്തങ്ങൾ സമ്മാനിച്ചതുകൊണ്ടു നമുക്ക് ആ ശരീരരക്തങ്ങൾ സഭയിലൂടെ സ്വീകരിച്ചു ദേവാലയങ്ങളായി പരിണമിക്കുന്നതിനുള്ള പദവിയും ഭാഗ്യവും ലഭിച്ചു.

യേശുക്രിസ്തുവിനു കന്യകമറിയാം തന്റെ ശരീരരക്തങ്ങൾ സമ്മാനിച്ചു എങ്കിൽ പുത്രൻതമ്പുരാൻ തന്റെ ശരീരരക്തങ്ങൾ വി. കുർബ്ബാന അനുഭവത്തിലൂടെ വിശ്വാസികളിൽ അലിഞ്ഞുചേർന്നു ഒന്നായിതീരുന്നു. വി. കുർബ്ബാനയിൽ പരിശുദ്ധ റൂഹായുടെ ആവസിപ്പുമൂലം അപ്പവീഞ്ഞുകൾ കർതൃശരീരരക്തങ്ങളായി രൂപാന്തരപ്പെടുന്നു. അഥവാ വി. കന്യകമറിയാമിൽ വചനം ജഡമായി തീർന്നതുപോലെ അപ്പവീഞ്ഞുകൾ രൂപാന്തരപ്പെടുന്നു. തന്മൂലം വി. കുർബ്ബാന അനുഭവത്തിലൂടെ നാം ക്രിസ്തുവിന്റെ ശരീരത്തിൻറെ അംശികളായി മാറുന്നു. അതിനു നമുക്ക് ജീവിതവിശുദ്ധി ആവശ്യമാണ്. വി. കന്യകമറിയാം തന്റെ വിശുദ്ധ ജീവിതത്തിലൂടെ പുത്രനെ സ്വീകരിച്ചതുപോലെ നമുക്കും ജീവിതവിശുദ്ധിയിലൂടെ കർത്താവിന്റെ ശരീരത്തിന്റെ അംശികളായി രൂപാന്തരപ്പെട്ട് ഈ ലോകത്തിൽ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായി നിലനിൽക്കുവാൻ സാധിക്കണം. അതിനു വി. കന്യകമറിയാം അമ്മയുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കൂട്ടുമായിരിക്കട്ടെ. ◆

കോയമ്പത്തൂർ കർപ്പഗം യൂണിവേഴ്സിറ്റിയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ പി.എച്ച്.ഡി. നേടിയ ഡോ. ലിബിൻ എം ജോസഫ്. താഴത്തങ്ങാടി മാർ ബസേലിയോസ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും അഖില മലങ്കര പ്രാർത്ഥന യോഗം കോട്ടയം സെൻട്രൽ ഭദ്രാസന ട്രഷററുമാണ്. ഇപ്പോൾ സെന്റ് ഗിറ്റ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ അദ്ധ്യാപകനായി പ്രവർത്തിക്കുന്നു. മരയ്ക്കാരുപറമ്പിൽ എം. ജെ ജോസഫിന്റെയും അന്നമ്മയുടെയും മകനാണ്. ഭാര്യ ജിന്റു ലിബിൻ ഗിരിദീപം കോളജ് അദ്ധ്യാപികയാണ്.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പൗലോസ് ശ്ലീഹ തീമോത്തിയോസിനു എഴുതിയ ഒന്നാം ലേഖനം: സ്വർണ്ണനാവുകാരനായ ഈവാനിയോസിന്റെ വ്യാഖ്യാനം

രണ്ടാം പ്രസംഗം




ഫാ. ജോബ് സാം മാത്യു
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

ധാർമിക ഉപദേശം

മഹത്വത്തിലേക്കു പ്രവേശിക്കുന്നവർ ആസ്വദിക്കുന്നതും അവർക്ക് പങ്കുലഭിക്കുന്നതുമായ പ്രകാശവും മഹത്വവും മനസ്സിലാക്കി അവരെ നമുക്ക് ആദരിക്കാം. ഈ ലോകത്തിന്റെ മഹത്വം വിലയില്ലാത്തതും നിലനിൽക്കാത്തതുമാണ് (The glory of this world is worthless and not enduring). അതേത്തുടർന്ന് പൂർണ്ണമായും ഇല്ലാതാകുന്നു. 'അവൻ മരിക്കുമ്പോൾ യാതൊന്നും കൊണ്ടുപോകയില്ല; അവന്റെ മഹത്വം അവനെ പിൻചെല്ലുകയുമില്ല' (സങ്കീർത്തനം 49:17). പലർക്കും ലോകത്തിലെ മഹത്വം ജീവിതാവസാനം വരെ നിലനിൽക്കുകയില്ല. എന്നാൽ ദൈവികമായ മഹത്വം നിലനിൽക്കുന്നതും അവസാനിക്കാത്തതുമാണ്. ദൈവീകമായവ നിലനിൽക്കുന്നതും മാറ്റമില്ലാത്തതും അന്ത്യമില്ലാത്തതുമാണ്. കാരണം, ആ മഹത്വം ബാഹ്യമായതല്ല, ആന്തരികമാണ്. അത് അടിസ്ഥാനമാക്കുന്നത് സേവകരുടെയും രഥങ്ങളുടെയും എണ്ണത്തിലോ വിലപിടിപ്പുള്ള വസ്ത്രങ്ങളിലോ അല്ല. ഇത്തരം കാര്യങ്ങൾക്കുപരിയായി മനുഷ്യനു സ്വയമേവ മഹത്വം ധരിക്കുന്നു. ആടയാഭരണങ്ങൾ ഇല്ലെങ്കിൽ മനുഷ്യൻ നഗ്നനാണ്. പൊതു കുളിസ്ഥലങ്ങളിൽ പ്രമാണികളും സാധാരണക്കാരും ഒരുപോലെ നഗ്നരായി കുളിക്കുന്നു. പൊതുയിടത്തിൽ പ്രമാണികൾ അപകടത്തിലാവുകയോ, അവരുടെ ദാസന്മാർ അവരെ ഉപേക്ഷിക്കുകയോ ചെയ്യാം. എന്നാൽ ആ ലോകത്ത്, മനുഷ്യർ അവരുടെ മഹത്വം അവരോടൊപ്പം കൊണ്ടുപോകുന്നു. വിശുദ്ധന്മാർ മാലാഖമാരെ പോലെ എവിടെപ്പോയാലും വിശുദ്ധിയുള്ളവരായി തുടരുന്നു. സൂര്യന് വസ്ത്രമോ ബാഹ്യസഹായമോ ആവശ്യമില്ല. എവിടെയായാലും സൂര്യൻ പ്രകാശിച്ചു കൊണ്ടിരിക്കും. അപ്രകാരം വിശുദ്ധരും പ്രകാശിക്കും.

അതിനാൽ നമുക്ക് ആ മഹത്വത്തെ പിന്തുടരാം. അതിനേക്കാൾ ശ്രേഷ്ഠമായതൊന്നുമില്ല. ലൗകികമായ മഹത്വം മൂല്യമില്ലാത്തതായി കരുതി തള്ളിക്കളയാം. 'വസ്ത്രമോടിയിൽ അഹങ്കരിക്കരുത്' (പ്രഭാഷകൻ 11:4). ഇത് പൂർവികർ സാധാരണക്കാർക്ക് നൽകിയിരുന്ന മാർഗദർശനമാണ്. നർത്തകിയും വേശ്യയും നാടകക്കാരനും നിങ്ങളെക്കാൾ വിലയേറിയ വസ്ത്രം ധരിച്ചിരിക്കുന്നു. എന്നാൽ ചിതലുകൾക്ക് നിങ്ങളുടെ ഈ ആസ്വാദനം ഇല്ലാതാക്കാനാകും. ഈ ജീവിതത്തിന്റെ മഹത്വം എത്ര അസ്ഥിരമാണെന്ന് നിങ്ങൾ കാണുന്നില്ലേ? അഹങ്കാരികൾക്കും മേൽ ഈ പ്രാണികൾ വന്നു അവരെ നശിപ്പിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ ഇന്ത്യയിലെ പ്രാണികളിൽ (Indian insects) നിന്നും ലഭിക്കുന്ന ഉത്തമമായ നൂലുകളാലാണ് (സിൽക്ക് വസ്ത്രം) നിർമ്മിക്കുന്നത്. എന്നാൽ വിലയേറിയതും ശോഭയുള്ളതും യഥാർത്ഥ സ്വർണ്ണത്താൽ തുന്നിയതുമായ സ്വർഗീയ വസ്ത്രം നേടാൻ ആഗ്രഹിക്കുക. അധർമ്മികളുടെ കൈകളാൽ ധനികളിൽ നിന്നും കുഴിച്ചെടുത്ത സ്വർണമല്ല, മറിച്ച് നന്മകളാൽ നിർമ്മിക്കപ്പെട്ടതിനാൽ തുന്നുക.

പാവപ്പെട്ടവരോ അടിമകളോ നിർമ്മിച്ച വസ്ത്രത്താലല്ല, മറിച്ച് നമ്മുടെ കർത്താവ് തുന്നിയ വസ്ത്രം നമുക്ക് ധരിക്കാം. നിങ്ങളുടെ വസ്ത്രം സ്വർണത്താലുള്ളതാണെന്ന് നിങ്ങൾ പറയുന്നു. അതുകൊണ്ട് നിങ്ങൾക്കെന്തുകാര്യം? വസ്ത്രം ധരിക്കുന്നവനേക്കാൾ അത് നിർമ്മിച്ചവനാണ് പ്രശംസ അർഹിക്കുന്നത്. വസ്ത്രം വിരിച്ചിരിക്കുന്ന പ്രതലമല്ല, അത് നിർമ്മിച്ചവനാണ് ആദരവ് അർഹിക്കുന്നത്. ചിതൽ പിടിക്കാതിരിക്കുക എന്ന ഉദ്ദേശ്യത്തിൽ വായുസഞ്ചാരത്തിനായി ചിലപ്പോൾ ചില വസ്ത്രങ്ങൾ സ്ത്രീകൾ ധരിക്കാറുണ്ട്. വിലയില്ലാത്തതിനെക്കുറിച്ച് ചിന്താകുലരാകുന്നതും രക്ഷയെ അപകടത്തിലാക്കുന്നതും നരകത്തെ തുച്ഛീകരിക്കുന്നതും ദൈവത്തെ അപഹസിക്കുന്നതും, ക്രിസ്തു ആഗ്രഹിക്കുന്നതിനെ തുച്ഛീകരിക്കുന്നതുമായവ പ്രവർത്തിക്കുന്നതും വിഡ്ഢിത്തരമല്ലേ?



ഇന്ത്യ, അറേബ്യ, പേർഷ്യ എന്നിടങ്ങളിൽ നിന്നുള്ള മൃദുവുള്ളതും ഉണങ്ങിയതും ഉയർന്ന വിലയുള്ളതും എന്നാൽ ഉപയോഗശൂന്യവുമായ സുഗന്ധദ്രവ്യങ്ങൾ, തൈലങ്ങൾ എന്നിവയെക്കുറിച്ച് വാചാലരാകരുത്. അല്ലയോ വനിതാ രത്നമേ, അകമേ അശുദ്ധിയാൽ നിറഞ്ഞ ശരീരത്തിന്മേൽ നീ എന്തിനാണ് സുഗന്ധദ്രവ്യങ്ങൾ അമിതമായി പുരട്ടുന്നത്? അഴുക്കിൽ സുഗന്ധദ്രവ്യങ്ങൾ പാഴാകുന്നതും ഇഷ്ടികകട്ടയിൽ പരിമളലേപനം ഒഴിക്കുന്നതും എത്രയോ വികലമാണ്? നിങ്ങളുടെ ആത്മാവിനെ അഭിഷേകം ചെയ്യുവാനുള്ള വിലയേറിയ തൈലവും സുഗന്ധവുമുണ്ട്. അത് അറേബ്യ, എത്യോപ്യ, പേർഷ്യ എന്നിടങ്ങളിൽ നിന്നല്ല; സ്വർഗ്ഗത്തിൽ നിന്നുതന്നെ ലഭിക്കുന്നു. അത് സ്വർണം നൽകിയല്ല വാങ്ങുന്നത്. മറിച്ച് സദ്ഗുണത്താലുള്ള ഇച്ഛയും (virtuous will) നിർവ്യാജമായ വിശ്വാസത്താലുമാണ് (ളമശവേ ൗളലശഴിലറ) വാങ്ങുന്നത്. ലോകത്തെ നിറക്കാൻ കഴിയുന്ന ഈ സുഗന്ധം വാങ്ങുക. ഇതാണ് അപ്പോസ്തോലന്മാർ ആസ്വദിച്ചത്.

'രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനാകുന്നു; ഇവർക്കു മരണത്തിൽ നിന്നു മരണത്തിലേക്കുള്ള വാസന, അവർക്കോ ജീവനിൽ നിന്നു ജീവങ്ക

ലേക്കുള്ള വാസന തന്നെ' (2 കൊരിന്ത്യർ 2:15-16). എന്താണ് ഇതിന്റെ അർത്ഥം? പന്നികൾക്ക് സുഗന്ധദ്രവ്യം ശ്വാസംമുട്ടൽ ഉണ്ടാക്കുന്നു. എന്നാൽ ഈ ആത്മീയ സുഗന്ധം അപ്പോസ്തോലന്മാരുടെ ശരീരത്തിനും വസ്ത്രങ്ങൾക്കും സുഗന്ധമേകി (the spiritual fragrance scented the bodies and garments of the Apostles). പൗലോസ് ശ്ലീഹായുടെ വസ്ത്രത്തിൽ ഭൂതങ്ങളെ പുറത്താക്കാൻ തക്കവണ്ണം സുഗന്ധം ഉണ്ടായിരുന്നു. ഈ സുഗന്ധദ്രവ്യത്തേക്കാൾ ഫലപ്രദവും മധുരതരവുമായ മറ്റെന്തുണ്ട്? ഭൂതങ്ങളോടു പോരാടുമെങ്കിൽ മറ്റെന്താണ് ചെയ്യാതിരിക്കാനാവുക? ഈ സുഗന്ധദ്രവത്താൽ നമുക്ക് അലംകൃതരാകാം. ദൈവാത്മാവിന്റെ കൃപ, ഇത് ദാനധർമ്മത്തിലൂടെ പ്രദാനം ചെയ്യും. നാം മറ്റൊരു ലോകത്തിലേക്കു പോകുമ്പോൾ ഇവയിൽ നിന്നും നാം ആസ്വദിക്കും. സുഗന്ധം ഉള്ളവൻ എല്ലാവരുടെയും ശ്രദ്ധ തന്നിലേക്ക് ആകർഷിക്കുന്നു. എല്ലാ സ്ഥലങ്ങളിലും അവനെ പിന്തുടരുകയും ശ്രദ്ധിക്കുകയും ചെയ്യും. അപ്രകാരം ആത്മീക സുഗന്ധമുള്ളവരുടെ ആത്മാക്കൾ ആ ലോകത്തിലെത്തുമ്പോൾ എല്ലാവരും എഴുന്നേൽക്കുകയും സ്ഥലം ഒരുക്കുകയും ചെയ്യും. തങ്ങളെ വീർപ്പുമുട്ടിക്കുന്നതിനാൽ ആ സുഗന്ധത്തോടു അടുക്കാൻ പിശാചുക്കളും എല്ലാ തിന്മകളും ഭയക്കുന്നു.

ബലഹീനതയുടെ അടയാളമുള്ള ഗന്ധത്താലല്ല, വിശുദ്ധമായ ആത്മവിശ്വാസത്തിൽ (holy confidence) നമ്മെ നിറയ്ക്കുന്നതും പ്രശംസനീയവുമായ സുഗന്ധത്താൽ നിറയുക. ഈ സുഗന്ധവ്യഞ്ജനം ഭൂമിയിൽ നിന്നും ഉത്പാദിപ്പിക്കുന്നതും വാടിപ്പോകുന്നതുമല്ല. മറിച്ച് അത് നന്മയിൽ നിന്നും പൂക്കുന്നതും എന്നും വാടാത്തതുമാണ്. അതിനാൽ നമ്മുടെ സ്നാനത്തിൽ നാം അഭിഷേകം ചെയ്യപ്പെടുന്നു. തുടർന്ന് അത് നാം ഹൃദ്യമായി ആസ്വദിക്കുന്നു. നമ്മുടെ പരിചരണത്താലാണ് പിന്നീട് നാം ആ സുഗന്ധം നിലനിർത്തുന്നത്. പുരാതന കാലത്ത് നന്മയുടെ അടയാളമായി തൈലത്താൽ ഒരു പുരോഹിതൻ അഭിഷേകം ചെയ്യപ്പെടുമായിരുന്നു. ആ സുഗന്ധം അദ്ദേഹം തന്റെ ചുറ്റിലും വ്യാപിപ്പിക്കേണ്ടിയിരുന്നു. പാപത്തിന്റെ ദുർഗന്ധത്തെക്കാൾ നിന്ദ്യമായതില്ല. അതിനാലാണ് സങ്കീർത്തനക്കാരൻ പറയുന്നത്; 'എൻറെ വ്രണങ്ങൾ ചീഞ്ഞു നാറുന്നു' (സങ്കീർത്തനം 38:5). അഴുകുന്നതിനേക്കാൾ മലീമസമാണ് പാപം. ഉദാഹരണമായി, വ്യഭിചാരത്തെക്കാൾ നിന്ദ്യമായത് എന്താണ്? ഒരു പാപം ചെയ്യുമ്പോൾ തിരിച്ചറിഞ്ഞില്ലെങ്കിലും അത് ചെയ്തശേഷം അതിന്റെ നിന്ദ്യമായ സ്വഭാവം, അതിൽ നിന്നുണ്ടാകുന്ന അശുദ്ധി, ശാപം, മ്ലേച്ഛത എന്നിവയാൽ വെളിപ്പെടും.

എല്ലാ പാപങ്ങളും അപ്രകാരമാണ്. പാപം ചെയ്യുന്നതിന് മുമ്പ് ഏതെങ്കിലും വിധത്തിലുള്ള ആനന്ദം ലഭിക്കും. എന്നാൽ പ്രവർത്തിച്ച കഴിഞ്ഞശേഷം അത് അവസാനിക്കും, മങ്ങും. വേദനയും ലജ്ജയും അതേത്തുടർന്നു ഉണ്ടാകും. എന്നാൽ നീതിയുടെ ആവിഷ്കാരം ഇതിന് വിപരീതമാണ്. തുടക്കത്തിൽ കഠിനാധ്വാനം ആവശ്യമാണ്. എന്നാൽ അവസാനം സന്തോഷവും ആശ്വാസവും ലഭിക്കും. അപകീർത്തിയും ശിക്ഷയും ഉണ്ടാകുമെന്നുള്ള ചിന്തയുള്ളതിനാൽ പാപത്താൽ ആനന്ദമുണ്ടാകുന്നില്ല. എന്നാൽ പ്രതിഫലത്തെക്കുറിച്ചുള്ള ചിന്തയാൽ നന്മ പ്രവർത്തിക്കുമ്പോൾ അധ്വാനം അനുഭവപ്പെടുകയില്ല. ലഹരിയിൽ നിന്നുള്ള ആനന്ദം എന്താണ്? മദ്യപാനത്താലുള്ള സംതൃപ്തി തുച്ഛമാണ്. ആ വ്യക്തി അബോധാവസ്ഥയിലായി മുന്നിലുള്ളതൊന്നും കാണുകയില്ല. ഭ്രാന്തിനേക്കാൾ മോശമായ അവസ്ഥയിൽ എത്തുമ്പോൾ എന്ത് ആനന്ദമാണ് ഉണ്ടാവുക? വ്യഭിചാരത്താൽ എന്ത് ആനന്ദമാണുണ്ടാവുക? ആ ശക്തികളാൽ ആത്മാവിന്റെ വിവേചനം ഇല്ലാതാകുന്നു. അപ്പോൾ യഥാർത്ഥമായ ആനന്ദം ഉണ്ടാകുമോ?

ചൊറിച്ചിൽ ഒരു ആനന്ദമാണ് എന്ന് കരുതുക. ആത്മാവിനെ ആസക്തി ബാധിക്കാതെയും, അസ്വസ്ഥത ഉണ്ടാക്കാതെയും, ശരീരത്തെ ബാധിക്കാതെയും ഇരിക്കുമ്പോൾ അതിനെ യഥാർത്ഥമായ ആനന്ദം എന്ന് വിളിക്കാം. പല്ല് ഞെരിക്കുന്നതും കണ്ണ് തിരിക്കുന്നതും മര്യാദവിട്ട് കോപിക്കുന്നതും ക്ഷോഭിക്കുന്നതും എന്ത് ആനന്ദമാണ് നൽകുന്നത്? ആനന്ദം പകരാത്ത ഇത്തരം കാര്യങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് മനുഷ്യർ ശ്രമിക്കുകയും അത് അവസാനിക്കുമ്പോൾ വേദനിക്കുകയും ചെയ്യുന്നു. അത് ആനന്ദം നൽകുന്നതാണെങ്കിൽ, അതിൽ നിന്നും വിട്ടുമാറാതെ തുടരാനാണ് അവർ ആഗ്രഹിക്കുന്നത്. ആനന്ദം എന്ന പേര് മാത്രമാണ് അതിനുള്ളത്.


നമ്മൾ അനുഭവിക്കുന്ന ആനന്ദങ്ങൾ അപ്രകാരമുള്ളവയല്ല. അത് പ്രകോപിപ്പിക്കുകയും വിദ്വേഷം ജനിപ്പിക്കുകയും ചെയ്യാത്തതും യഥാർത്ഥമായി ആനന്ദകരവുമാണ്. അത് ആത്മാവിനു സ്വാതന്ത്ര്യവും സന്തോഷവും വിശാലതയും നൽകും. ആ ആനന്ദമാണ് പൗലോസ് ശ്ലീഹ അനുഭവിച്ചത്. 'ഇതിൽ ഞാൻ സന്തോഷിക്കുന്നു; ഇനിയും സന്തോഷിക്കും' (ഫിലിപ്പിയർ 1:19) എന്നും 'കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ' (ഫിലിപ്പിയർ 4:4) എന്നിവയിലൂടെ അദ്ദേഹം പറയുന്നത് ഇതാണ്. പാപപൂർണ്ണമായ ആനന്ദത്തോടൊപ്പം ലജ്ജയും ശിക്ഷാവിധിയുമുണ്ട്. രഹസ്യമായി ചെയ്യുന്നതിനാൽ അനന്തമായ അസ്വസ്ഥത അതുണ്ടാക്കുന്നു. യഥാർത്ഥ ആനന്ദം ഇതിൽനിന്നും വിഭിന്നമാണ്. അതിനാൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും കരുണയും മുഖേന വരുവാനുള്ള നന്മകൾ ആർജ്ജിക്കുവാൻ നമുക്ക് പരിശ്രമിക്കാം.



അയിരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളിയിൽ വച്ച് നടന്ന 14-ാമത് നിലയ്ക്കൽ ഭദ്രാസനം മർത്തമറിയം സമാജം വാർഷിക സമ്മേളനം ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഈ സമ്മേളനത്തിൽ 400-ൽപരം സമാജാംഗങ്ങൾ പങ്കെടുത്തു.

"നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു." **- പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്**

ഫാ. എബ്രഹാം തോമസ് അന്തരിച്ചു



കൽക്കത്ത ഭദ്രാസനത്തിലെ സീനിയർ വൈദികനായിരുന്ന ഫാ. എബ്രഹാം തോമസ് (63) അന്തരിച്ചു. ഭിലായിലുള്ള ആശുപത്രിയിൽ ചികിത്സയിലായിരുന്നു. കൽക്കത്ത രാജാറാ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുകയായിരുന്നു. മലങ്കര സഭ മാനേജിംഗ് കമ്മിറ്റി അംഗമായും കൽക്കത്ത അരമനയുടെ മാനേജരായും പ്രവർത്തിച്ചിട്ടുണ്ട്. കൽക്കത്താ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന സ്തേഫാനോസ് മാർ തേവോദോസിയോസിന്റെ സെക്രട്ടറിയായിരുന്നു.

തലവടി കുഴിപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ആണ് മാതൃ ഇടവക. ശവസംസ്കാര ശുശ്രൂഷ നാളെ തലവടി പടിഞ്ഞാറേക്കര പള്ളിയിൽ നടക്കും.

പഠനം, ധ്യാനം, പ്രാർഥന... ഈ ജീവിതം

75-ന്റെ നിറവിൽ ഡോ. യാക്കോബ് മാർ ഐറേനിയസ്

അലക്സ് തെക്കൻനാട്ടിൽ



തിരുവല്ല: എത്ര ഭാഷകൾ അറിയാമെന്നു ചോദിച്ചാൽ, 'എനിക്ക് ഒരു ഭാഷയും അറിയില്ല. ഇപ്പോഴും ഭാഷകളെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുകയാണ്' എന്നാണ് മലങ്കര ഓർത്തഡോക്സ് സഭ കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയസിന്റെ മറുപടി. 75-ന്റെ നിറവിലെത്തി നിൽക്കുമ്പോൾ വായനയും പഠനവുമെല്ലാം ആത്മീയചര്യക്കൊപ്പം കൊണ്ടുനടക്കുന്ന ഈ ഇടയന് വഴങ്ങുന്ന ഭാഷകൾ വിരലിൽ എണ്ണിയാൽ തീരില്ലെന്നതാണ് യാഥാർഥ്യം.

ഇംഗ്ലിഷിലും മലയാളത്തിലും നന്നായി പ്രസംഗിക്കുന്ന മാർ ഐറേനിയസിന് ഏറ്റവും പ്രിയം പുസ്തകങ്ങളാണ്. നാലു വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുണ്ട്. ഇംഗ്ലിഷ്, എജ്യുക്കേഷൻ, ഫിലോസഫി എന്നിവ കേരള സർവ കലാശാലയിൽ നിന്ന്. എജ്യുക്കേഷനിൽ റാങ്കുമുണ്ടായിരുന്നു. യു.എസിലെ പ്രിൻസ്റ്റൺ സെമിനാരിയിൽനിന്ന് ദൈവശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടി. ഇതു കൂടാതെ കേരള സർവകലാശാലയിൽ നിന്ന് ഇംഗ്ലീഷിലും ബെംഗളൂരു സെന്റ് സ്റ്റീഫൻസ് സെമിനാരിയിൽ നിന്നു തിയളോജിയിലും പി.എച്ച്.ഡി. നേടി.

പത്തനാപുരം സെന്റ് സ്റ്റീഫൻ സ് ട്രെയ്നിങ് കോളജിൽ ഇംഗ്ലിഷ് : അധ്യാപകനായിരുന്നപ്പോഴും മനഃശാസ്ത്രവും തത്വശാസ്ത്രവും പഠിപ്പിച്ചു. ഇംഗ്ലിഷിനൊപ്പം ഹിന്ദിയിലും തമിഴിലും കവിതകൾ രചിച്ചു. ഇരുപതോളം പുസ്തകങ്ങൾ രചിച്ചു. വിഖ്യാത സാഹിത്യകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ 'ശിങ്കിടി മുങ്ങൻ' എന്ന കഥയെപ്പറ്റിയുള്ള ഗഹന പഠനവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1949 ഓഗസ്റ്റ് 15-ന് കല്ലൂപ്പാറ ആറുവീടൻ പള്ളിക്കൽ തെക്കുംതല ടി. ഒ. ചെറിയാന്റെയും കുഞ്ഞേലിയാമ്മയുടെയും 9 മക്കളിൽ ഇളയവനായാണ് ജേക്കബ് ചെറിയാൻ ജനിച്ചത്. തിരുവല്ല മാർ ത്തോമ്മാ കോളജിൽ ബിരുദപഠനം നടത്തുമ്പോൾ മധ്യവേനൽ അവധിക്കാലത്ത് മധുരയിൽ സഹോദരനോടൊപ്പം താമസിക്കുമ്പോഴാണ് ജേക്കബ് ചെറിയാനെ പത്തനാപുരം മൗണ്ട് താബോർ ദയറ സ്ഥാപകൻ തോമാ മാർ ദിവന്നാസിയോസ് ദയറാ ജീവിതത്തിലേക്ക് ക്ഷണിച്ചത്. 1967-ൽ പത്തനാപുരം ദയറയിൽ എത്തി. തുടർന്ന് മദ്രാസ് സർവകലാശാലയിൽ നിന്നു ബിരുദം നേടി. 1970 മേയ് 30-ന് ശെമ്മാശനും 1975 ഫെബ്രുവരി 8-ന് വൈദികനുമായി. 1992 സെപ്റ്റംബർ 10-ന് മേൽപട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു 1993 ഓഗസ്റ്റ് 16-ന് പരുമല പള്ളിയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ മെത്രാപ്പോലീത്തായായി വാഴിച്ചു.

1994 മുതൽ 97 വരെ മലബാർ ഭദ്രാസനം സഹായ മെത്രാപ്പൊലി ത്തയായിരുന്നു. 1997 മുതൽ 2009 വരെ ചെന്നൈ ഭദ്രാസനാധ്യക്ഷനും 2009 ഏപ്രിൽ മുതൽ കൊച്ചി ഭദ്രാസനാധ്യക്ഷനുമാണ്.

ക്രൈസ്തവ സഭകളുടെ സാമൂഹിക സേവന സംരംഭമായ ചർച്ചസ് ഓക്സിലറി ഫോർ സോഷ്യൽ ആക്ഷന്റെ (കാസാ) അഖിലേന്ത്യ ചെയർമാൻ, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് വൈസ് പ്രസിഡന്റ്, സ്ലീബാദാസ സമൂഹം പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



75 വയസിന്റെ നിറവിലെത്തിയ കൊച്ചി ഭദ്രാസന മെത്രാപ്പോലിത്തായും ദിവ്യബോധനം പ്രസിഡന്റുമായ ഡോ. യാക്കോബ് മാർ ഐറേനിയോസിനെ കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരി കുടുംബം ആദരിച്ചപ്പോൾ. ദിവ്യബോധനം രജിസ്ട്രാർ ഫാ. ഡോ. മാത്യൂസ് ജോൺ മനയിൽ, സെമിനാരി വൈസ് പ്രസിഡന്റ് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ സമീപം (13-8-2024).

മലങ്കരസഭയിലെ ശ്രേഷ്ഠരായ അൽമായ നേതാക്കൾ

പ്രതിഭാശാലിയുടെ വജ്രതൂലിക!

ഡോ. പോൾ മണലിൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ കൈരളീസപര്യ ആരംഭിച്ച ഒ.എം. ചെറിയാൻ വ്യാപരിച്ച മേഖലകൾ വൈവിധ്യമാർന്നതായിരുന്നു. നോവലിസ്റ്റ്, നിരൂപകൻ, കഥാകൃത്ത്, ഉപന്യാസകാരൻ, വിവർത്തകൻ, വേദശാസ്ത്രജ്ഞൻ, ഭാഷാശാസ്ത്രജ്ഞൻ, ശാസ്ത്രസാഹിത്യകാരൻ, മതചിന്തകൻ, പ്രബന്ധകാരൻ, ബാലസാഹിത്യകാരൻ, ചരിത്രകാരൻ എന്നിങ്ങനെ ഗദ്യത്തിൽ അദ്ദേഹം കൈവയ്ക്കാത്ത മേഖലകളില്ല.

ഒ.എം. ചെറിയാൻ സാഹിത്യചരിത്രത്തിൽ ഏറെ അറിയപ്പെടുന്നത് 'ഹൈന്ദവധർമസുധാകരം' എന്ന കൃതിയുടെ കർത്താവ് എന്ന നിലയിലാണ്. ഹൈന്ദവധർമത്തെ മുൻനിർത്തിയുള്ള ഒരു സമഗ്രപര്യവേക്ഷണമായിരുന്നു ആ രചനയിലൂടെ ലക്ഷ്യമാക്കിയത്. ഹൈന്ദവതത്ത്വശാസ്ത്രവും ബ്രഹ്മജ്ഞാനവും പുരാവൃത്തവിജ്ഞാനവും കാലഗണനാശാസ്ത്രവും എല്ലാം സമന്വയിപ്പിച്ചുകൊണ്ടാണ് അദ്ദേഹം 'ഹൈന്ദവധർമസുധാകരം' എഴുതിയത്. ഭാഗവതം, രാമായണം, മഹാഭാരതം എന്നിവയുടെ മൂലപാഠങ്ങളെ സവിശേഷമായും മറ്റു പുരാണങ്ങളെ സാമാന്യമായും ഗദ്യത്തിൽ പുനരാവിഷ്കരിച്ചുകൊണ്ട് ഭാരതീയ ഇതിഹാസപുരാണ പാരമ്പര്യത്തിലേക്കു വായനക്കാരെ അദ്ദേഹം നയിച്ചു. പത്തുഭാഗങ്ങളിലായി എഴുതിയ 'ഹൈന്ദവധർമ സുധാകരം' പൂർണമായി വെളിച്ചം കണ്ടിട്ടില്ല. 1934, 1939, 1941 വർഷങ്ങളിൽ ഇതിന്റെ മൂന്നു ഭാഗങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു.

ഹൈന്ദവധർമസുധാകരത്തിന്റെ മാതൃകയിൽ വേദശാസ്ത്രം, തത്ത്വചിന്ത, ധർമശാസ്ത്രം എന്നിവയുടെ പശ്ചാത്തലത്തിൽ ക്രൈസ്തവധർമത്തെപ്പറ്റി ഒ.എം. ചെറിയാൻ എഴുതിയ ഗ്രന്ഥമാണ് 'ക്രൈസ്തവധർമ നവനീതം'. 15 വാല്യങ്ങളിലായി ഈ കൃതി സമ്പൂർണമായി പ്രസിദ്ധീകരിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. എന്നാൽ, ഇതിന്റെ ഒരു ഭാഗം മാത്രമേ 1943ൽ പുറത്തുവന്നുള്ളൂ.


അധ്യാപകൻ

കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിൽ 1874 ജൂലൈ 12ന് ഒറ്റപ്ലാക്കൽ കുടുംബത്തിൽ ചെറിയാൻ മാത്തുവിന്റെ പുത്രനായി ജനിച്ച ഒറ്റപ്ലാക്കൽ മാത്യു ചെറിയാൻ ചെറുപ്പത്തിൽ സംസ്കൃതം പഠിച്ചു. പുതുപ്പള്ളി സർക്കാർ സ്കൂളിലും കോട്ടയം സി.എം.എസ് കോളജ് ഹൈസ്കൂളിലും സി.എം.എസ് കോളജിലുമായിരുന്നു വിദ്യാഭ്യാസം. സി.എം.എസ് കോളജിൽനിന്ന് എഫ്എ പരീക്ഷ പാസായ ശേഷം മദ്രാസ് ക്രിസ്ത്യൻ കോളജിൽ ബിഎ ചരിത്ര കോഴ്സിനാണ് പഠിച്ചത്. 1895ൽ ബിഎ ബിരുദം സമ്പാദിച്ചതിനെ തുടർന്ന് അധ്യാപക പരിശീലനത്തിനായി സെയ്ദപ്പട്ട് ട്രെയിനിംഗ് കോളജിൽ ചേർന്ന് എൽടി ബിരുദവും സമ്പാദിച്ചു. കോട്ടയം മാർത്തോമാ സെമിനാരി സ്കൂൾ, കോയമ്പത്തൂർ എൽഎംഎസ് ഹൈസ്കൂൾ, തിരുവനന്തപുരം മഹാരാജാസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു.

1896-ൽ പ്രസിദ്ധീകരിച്ച 'നദി' എന്ന കവിതയാണ് ഒ.എം. ചെറിയാന്റെ പ്രസിദ്ധീകരിക്കപ്പെട്ട ഒന്നാമത്തെ കവിത. കാവ്യജീവിതത്തിന്റെ പ്രഥമഘട്ടത്തിൽ ചെറിയാൻ എഴുതിയ പതിനാറ് കവിതകളിലും കാല്പനിക പൂർവമനോഭാവം പ്രകടമാണ്. അദ്ദേഹത്തിന്റെ കവിതകൾ എല്ലാം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. അദ്ദേഹത്തിന്റെ കാവ്യജീവിതത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നത് ഔദ്യോഗിക സേവനങ്ങൾക്കു ശേഷമാണ്. അക്കാലത്തു ബൈബിൾ വിഷയങ്ങളെ മുൻനിർത്തി എഴുതിയ കവിതകളുടെ സമാഹാരമാണ് 'മിശിഹാഭക്തിലഹരി.'

സാഹിത്യജീവിതം

തിരുവനന്തപുരം മഹാരാജാസ് ഹൈസ്കൂളിൽ 1900 മുതൽ ഒമ്പതു വർഷത്തെ അധ്യാപകജീവിതമാണ് അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനങ്ങൾക്ക് അരങ്ങൊരുക്കിയത്. എ. ആർ. രാജരാജവർമ, ഉള്ളൂർ, കേരളവർമ വലിയ



കോയിത്തമ്പുരാൻ, പി.കെ. നാരായണപിള്ള, കെ.സി. കേശവപിള്ള എന്നിവരുമായുള്ള സൗഹൃദം തുടങ്ങിയതും അക്കാലത്താണ്. ഒ.എം. ചെറിയാന്റെ 'ഭൂവിവരണ സിദ്ധാന്ത സംഗ്രഹം' (1905) എന്ന ഗ്രന്ഥത്തിന് എ.ആർ. രാജരാജവർമയാണ് അവതാരിക എഴുതിയത്. സ്കൂൾ വിദ്യാർഥികൾക്കുവേണ്ടി 1902ൽ 'ഏഷ്യാവിവരണം' എന്ന ഭൂമിശാസ്ത്ര വിവരണഗ്രന്ഥവും രണ്ടു ഭാഗങ്ങളായി രചിച്ചു. 1913-ൽ അദ്ദേഹം 'ഗലിവേഴ്സ് ട്രാവൽസ്' വിവർത്തനം ചെയ്ത് രണ്ടാം ഫോറത്തിൽ പാഠപുസ്തകമായിരുന്നു. ജോൺ സ്റ്റുവർട്ട് ബ്ലാക്കിയുടെ ജി 'സെൽഫ് കൾച്ചർ' ആത്മസംസ്കാരം എന്ന പേരിലും വിവർത്തനം ചെയ്തു. ജീവിതവിജയം കൈവരിക്കാൻ പ്രജ്ഞാസംസ്കാരം, ശരീരസംസ്കാരം, ആചാരസംസ്കാരം എന്നീ ഉപാധികൾ വിവരിക്കുന്ന ഈ ഗ്രന്ഥം ബിഎ ക്ലാസിൽ പാഠപുസ്തകമായിരുന്നു. മനഃശാസ്ത്രതത്ത്വങ്ങൾ വിവരിക്കുന്ന അദ്ദേഹത്തിന്റെ 'മനസിന്റെ മാനദണ്ഡം' (1920) ട്രെയിനിംഗ് സ്കൂൾ വിദ്യാർഥികൾക്കു പാഠപുസ്തകമായിരുന്നു. കുഞ്ചൻ നമ്പ്യാരുടെ കൃതികളിലേക്കുള്ള പ്രവേശകമായ 'സാഹിത്യവിഹാരം', സന്മാർഗകഥകൾ അടങ്ങിയ 'ബാലാലാപം' എന്നീ കൃതികൾ കുട്ടികൾക്കുവേണ്ടി എഴുതിയതാണ്.

മഹാരാജാസ് ഹൈസ്കൂളിൽ പ്രവർത്തിക്കുമ്പോൾ 1906-ൽ മദ്രാസ് സർവകലാശാല അദ്ദേഹത്തെ അസിസ്റ്റന്റ് എക്സാമിനർ ആയും 1908-ൽ തിരുവിതാംകൂർ ഗവൺമെന്റ് രാജകൊട്ടാരത്തിലെ ട്യൂട്ടറായും നിയമിച്ചു. 1911-ൽ തിരുവനന്തപുരം ട്രെയിനിംഗ് കോളജിൽ സീനിയർ ലക്ചറർ ആയി നിയമനം ലഭിച്ചു.

വിദ്യാഭ്യാസവകുപ്പിൽ റേഞ്ച് ഇൻസ്പെക്ടർ തസ്തികയിൽ കോട്ടയത്തും കൊല്ലത്തും പ്രവർത്തിച്ചിട്ടുണ്ട്. ഇക്കാലത്തു പുതിയ സ്കൂളുകൾ തുടങ്ങാൻ അദ്ദേഹം നേതൃത്വം നൽകി.

ഒന്നാം ലോകമഹായുദ്ധകാലത്ത് 1914-ൽ റിക്രൂട്ടിംഗ് ഓഫീസറായി അദ്ദേഹത്തെ ഗവൺമെന്റ് നിയോഗിച്ചു. തിരുവിതാംകൂറിന്റെ വിവിധ ഭാഗത്തു ക്യാമ്പുകൾ തുടങ്ങിയാണ് സൈനികസേവനത്തിലേക്ക് ആളുകളെ അദ്ദേഹം റിക്രൂട്ട് ചെയ്തത്. അതിനായി ലേഖനങ്ങൾ എഴുതുകയും പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. റിക്രൂട്ടിംഗ് ഓഫീസറായി നടത്തിയ മികച്ച സേവനങ്ങളെ മുൻനിർത്തിയാണ് ബ്രിട്ടീഷ് റസിഡന്റ് അദ്ദേഹത്തിനു റാവുസാഹിബ് ബഹുമതി നൽകിയത്. വെർണാക്കുലർ സ്കൂൾ ചീഫ് ഇൻസ്പെക്ടർ ആയിട്ടാണ് അദ്ദേഹം സർക്കാർ ജോലിയിൽനിന്നു 1929-ൽ വിരമിച്ചത്. തുടർന്നു നിവർത്തന പ്രക്ഷോഭത്തിലും സമുദായ പ്രവർത്തനങ്ങളിലും മറ്റും പങ്കാളിയായി.

1944 ഫെബ്രുവരി ഒന്നിന്റ റാവു സാഹിബ് ഒ.എം. ചെറിയാൻ അന്തരിച്ചു. പുതുപ്പള്ളി കന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കിരിയുടെ മകൾ അച്ചാമ്മയാണ് ഭാര്യ. മക്കൾ: പരേതരായ പ്ലാന്റർ ഒ.സി. മാത്യു, മറിയാമ്മ, അന്നാമ്മ, അച്ചാമ്മ.

ആദ്യത്തെ ഡിറ്റക്ടീവ് നോവൽ


ഒ.എം. ചെറിയാന്റെ മിസ്റ്റർ കെയ്ലി, കാലന്റെ കൊലയറ തുടങ്ങിയ രചനകൾ മലയാളത്തിൽ ഒരു നവീനസാഹിത്യപ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നെങ്കിലും നോവൽ സാഹിത്യചരിത്രങ്ങളിലൊന്നും അദ്ദേഹത്തിന്റെ നാമം പരാമർശിക്കപ്പെട്ടില്ല.

'മിസ്റ്റർ കെയ്ലി'യാണ് മലയാളത്തിലെ ആദ്യത്തെ ഡിറ്റക്ടീവ് നോവൽ. ഭാഷാപോഷിണിയിൽ 1076ൽ (1900) കന്നി മുതൽ കുംഭം വരെയുള്ള ആറു ലക്കങ്ങളിലായിട്ടാണ് ഈ കുറ്റാന്വേഷണ കഥ ആദ്യമായി പ്രസിദ്ധീകരിച്ചത്.

ഈ അപസർപ്പകകഥ ഇന്നത്തെ നോവൽ രൂപമുള്ള ഒരു നീണ്ടകഥയാണ്. മലയാളത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിൽ കുറ്റാന്വേഷണകഥകളും സംഭ്രമജനകമായ കഥകളും രചിക്കപ്പെട്ടു കാണാത്തതുകൊണ്ട് സർ ആർതർ കൊനൺ ഡോയൽ ഷെർലക് ഹോംസിനെ നായകനാക്കി രചിച്ച കുറ്റാന്വേഷണകഥകളെ അനുകരിച്ച്, ഒ.എം.ചെറിയാൻ മിസ്റ്റർ കെയ്ലിയെ മലയാളത്തിൽ അവതരിപ്പിക്കുകയാണ് ചെയ്തത്. മറ്റൊരു കഥാപാത്രത്തെ നായകനാക്കി ഒ.എം. ചെറിയാൻ പിന്നീട് ഒരു ഡിറ്റക്ടീവ് നോവൽ കൂടി എഴുതി, 'കാലന്റെ കൊലയറ' എന്ന പേരിൽ. ഒരു ഇംഗ്ലീഷ് കഥയെ അനുകരിച്ചാണ് അദ്ദേഹം ഈ നോവൽ എഴുതിയത്.

സരസ്വതിനദിയുടെ അന്തർവാഹിനിയെ കണ്ടിട്ടുള്ള കാലപുരോഹിതന്മാരെ ചുറ്റിപ്പറ്റി നൂർജിഹാൻപുരം പശ്ചാത്തലമാക്കി അവതരിപ്പിക്കുന്ന ഒരു കുറ്റാന്വേഷണകഥയാണ് 'കാലന്റെ കൊലയറ'. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി ഇത്തരത്തിലുള്ള നവീന ഗദ്യപരിശ്രമങ്ങൾ ഒ.എം. ചെറിയാൻ നടത്തിയതു മലയാളഗദ്യത്തിന്റെ വളർച്ചയെയും സ്വാധീനിച്ചു. ഡിറ്റക്ടീവ് നോവൽ ക്ലാസിക്കൽ മൂല്യങ്ങൾ നിലനിർത്തുന്ന സാഹിത്യരൂപമാണെന്നാണ് അദ്ദേഹം തെളിയിച്ചത്. മലയാളസാഹിത്യത്തിൽ പുതുപാതകൾ വെട്ടിത്തുറന്ന പ്രതിഭാശാലിയായ റാവു സാഹിബ് ഒ.എം. ചെറിയാന് അർഹമായ അംഗീകാരം നൽകാൻ 150-ാം ജന്മവാർഷികത്തിലും അമാന്തിക്കുന്നതു കൃതഘ്നതയാണ്.

റാവു സാഹിബ് ഒ. എം. ചെറിയാൻ



ഔദ്യോഗിക ജീവിതത്തിലും സാമൂഹ്യ സാംസ്കാരിക വൈജ്ഞാനിക മേഖലകളിലും സഭാമണ്ഡലത്തിലും ജ്വലിച്ചു നിന്നിരുന്ന പ്രതിഭാശാലി. കോട്ടയത്തിനടുത്ത് പുതുപ്പള്ളിയിൽ ഒറ്റപ്ലാക്കൽ കുടുംബാംഗമായി 1874 ജൂലൈ 12-ന് ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ നിന്ന് ബിരുദം നേടി കോട്ടയം എം.ഡി. സെമിനാരി സ്കൂളിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. അനന്തരം മദ്രാസ് സെയ്ദപെട് ട്രെയിനിംഗ് കോളജിൽ നിന്ന് എൽ.റ്റി. ബിരുദം നേടി. തിരുവനന്തപുരം മോഡൽ സ്കൂൾ, മഹാരാജാസ് ട്രെയിനിംഗ് കോളജ് എന്നിവിടങ്ങളിലും അദ്ധ്യാപകനായിരുന്നു.

തിരുവിതാംകൂർ രാജകൊട്ടാരം ട്യൂട്ടറായിരുന്ന ഇദ്ദേഹത്തിന് രാജകുടുംബങ്ങളിൽ പലരുടെയും ആചാര്യപദവി ലഭിച്ചു. വിദ്യാഭ്യാസ വകുപ്പിൽ ചീഫ് ഇൻസ്പെക്ടറായി പ്രവർത്തിച്ച കാലത്ത് അനവധി സ്കൂളുകൾ സ്ഥാപിക്കുന്നതിനും അംഗീകാരം നൽകുന്നതിനും കഴിഞ്ഞു.

സഭയിലെ അത്മായ നേതാക്കന്മാരിൽ പ്രമുഖനായിരുന്ന ഇദ്ദേഹം മലങ്കര സഭാ ഭരണഘടന എഴുതിയുണ്ടാക്കുന്നതിനു രൂപവൽക്കരിച്ച കമ്മിറ്റിയുടെ കൺവീനറായിരുന്നു. അദ്ദേഹം തയ്യാറാക്കിയ ഭരണഘടനാ വ്യവസ്ഥകളാണ് പിന്നീട് ചില ഭേദഗതികളോടെ മലങ്കര അസ്സോസിയേഷൻ പാസാക്കിയത്. 'കാതോലിക്കാ നിധി' ശേഖരണ പ്രസ്ഥാനത്തിൽ അതിന്റെ ജീവനാഡിയായി പ്രവർത്തിച്ചു. മലങ്കരയിലുടനീളം സഞ്ചരിച്ച് പ്രസംഗിച്ചും, ഉത്തേജനജനകങ്ങളായ ലഘുലേഖകൾ പ്രസിദ്ധപ്പെടുത്തിയും, പത്രങ്ങളിൽ ലേഖനങ്ങളും കവിതകളും എഴുതിയും നിധിസംഭരണം വിജയപ്രദമാക്കി. അതിന്റെ റിപ്പോർട്ട് ഒരു ബൃഹദ്ഗ്രന്ഥമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഏതാണ്ട് ഒന്നര വ്യാഴവട്ടക്കാലത്തെ അദ്ദേഹത്തിന്റെ തപസ്യയിലൂടെ മലയാള സാഹിത്യത്തിനു ലഭിച്ച ഒരു ബൃഹദ്ഗ്രന്ഥമാണ് 'ഹൈന്ദവ ധർമ്മ സുധാകരം.' കൈയെഴുത്തിൽ ഏതാണ്ട് മുപ്പതിനായിരം പേജ് വരുന്ന ഈ ഗ്രന്ഥം 20 വാല്യങ്ങളായിട്ടാണ് എഴുതിയിട്ടുള്ളത്. അതിൽ മൂന്നു വാല്യങ്ങൾ മാത്രമെ അദ്ദേഹത്തിന്റെ കാലത്ത് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. വിദ്യാഭ്യാസ വിഷയകമായി പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത അപസർപ്പക നോവലായ 'കാലന്റെ കൊലയറ' ഇദ്ദേഹത്തിന്റെ പ്രസിദ്ധമായ കൃതിയാണ്. 'മിശിഹാ ഭക്തിലഹരി', 'ക്രൈസ്തവ ധർമ്മ നവനീതം' (അപ്പോസ്തല പ്രവൃത്തികളുടെ വ്യാഖ്യാന പഠനം), 'കാതോലിക്കാ സിംഹാസന ചരിത്രം' എന്നിവയാണ് മറ്റ് കൃതികൾ. 1944 ഫെബ്രുവരി 1-ന് അന്തരിച്ചു. കോട്ടയം നിലയ്ക്കൽ പള്ളിയിൽ കബറടക്കി.



Bachelor of Veterinary Science and Animal Husbandry യിൽ സംസ്ഥാനതലത്തിൽ മൂന്നാം റാങ്ക് നേടിയ അലീന രാജൻ. പാമ്പാക്കുട വലിയ പള്ളി ഇടവകയിലെ കയ്യാണിക്കൽ രാജന്റെയും ജൂലിയുടെയും മകളാണ്.



നെടുമൺകാവ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മലങ്കര ഓർത്തഡോക്സ് സഭ മുൻ മാനേജിംഗ് കമ്മറ്റി അംഗം തോമസ് മാത്യു. അടൂർ കടമ്പനാട് മെത്രാസനത്തിൽ നെടുമൺ സെന്റ് മേരീസ് പള്ളി അംഗവും മലങ്കര സഭയുടെ എൻജിനിയറിംഗ് വിഭാഗം കൺവീനറുമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

വാങ്ങിപ്പിനുശേഷം ഒന്നാം ഞായർ

(വി. മർക്കോസ് 10:35-45)

ഫാ. ജെറിൻ ജോൺ അടൂർ



ആരാണ് വലിയവൻ എന്നതിനെ പ്രതിപാദിക്കുന്ന സുവിശേഷ ഭാഗം.

വി. മത്തായിയുടെ സുവിശേഷം 20-ാം അധ്യായം 20 മുതൽ 28 വരെയുള്ള വാക്യങ്ങളിലും വി. മർക്കോസിന്റെ സുവിശേഷം 10-ാം അധ്യായം 35 മുതൽ 45 വരെയുള്ള വാക്യങ്ങളിലും വി. ലൂക്കോസിന്റെ സുവിശേഷം 22-ാം അധ്യായം 24 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ, അന്ത്യ അത്താഴ വേളയിലെ തർക്ക വിഷയമായി പ്രതിപാദിക്കുന്ന, ആരാണ് വലിയവൻ എന്ന സുവിശേഷഭാഗമാണ് തേജസ്കരണത്തിനുശേഷം, നാലാമത്തെ ഞായറാഴ്ചയായ ഇന്ന് നാം ശ്രവിച്ചത്.

മർക്കോസ് 10:35-45 വരെയുള്ള ഈ സുവിശേഷഭാഗത്തിന്റെ ഘടനയും പശ്ചാത്തലവും സുവിശേഷ സന്ദേശം മനസ്സിലാക്കാൻ ഏറെ സഹായകരമാണ്. ഈ സുവിശേഷ ഭാഗത്തെ നാലായി തിരിക്കാം.

ഒന്നാമതായി, 35 മുതൽ 40 വരെയുള്ള വാക്യങ്ങളിൽ, സെബദി പുത്രന്മാരുടെ അഭ്യർത്ഥനയും യേശുവിന്റെ മറുപടിയും വിവരിക്കുന്നു.

രണ്ടാമതായി, 41-ാം വാക്യം സെബദീപുത്രന്മാരുടെ അഭ്യർത്ഥനയ്ക്കെതിരെ മറ്റ് ശിഷ്യന്മാരുടെ അസൂയയോടുകൂടിയ പ്രതികരണം സൂചിപ്പിക്കുന്നു.

മൂന്നാമതായി, 42 മുതൽ 44 വരെയുള്ള വാക്യങ്ങളിൽ, മാനവരാശിക്കു മുഴുവനുമായുള്ള യേശുവിന്റെ ഉപദേശത്തെ സുവിശേഷകൻ അവതരിപ്പിക്കുന്നു.


നാലാമതായി, 45-)ാം വാക്യത്തിൽ സ്വന്തം ജീവിതത്തിൽ നിന്ന് യേശു നൽകുന്ന മാതൃകയെ സുവിശേഷകൻ ലോകത്തിനു മുഴുവനായി നൽകുന്നു.

ദൈവരാജ്യത്തിൽ വലിയവനാകാൻ ക്രിസ്തു മാതൃക

എങ്ങനെയാണ് ദൈവരാജ്യത്തിൽ വലിയവനാകേണ്ടത് എന്ന പാഠം തന്നിൽ നിന്നും പഠിക്കുവിൻ എന്നു പറഞ്ഞുകൊണ്ട്, മഹത്തായ ഒരു മാതൃകയിലൂടെ യേശു ശുശ്രൂഷയെക്കുറിച്ച് പഠിപ്പിക്കുന്നുണ്ട്. വി. യോഹന്നാന്റെ സുവിശേഷം പതിമൂന്നാം അധ്യായം മൂന്നാം വാക്യത്തിൽ ഈ പാഠം വളരെ ഹൃദയസ്പർശിയായി ചിത്രീകരിക്കുന്നുണ്ട്. വലിയവൻ ആരാണ് എന്ന തർക്കത്തിന് ഉത്തരം ഇവിടെ സ്പഷ്ടമാണ്. മേലങ്കി മാറ്റി, തൂവാല ചുറ്റി, ദാസനെപ്പോലെ ശിഷ്യരുടെ പാദങ്ങൾ തുടച്ചുകൊണ്ട് യേശു പറയുകയാണ്, നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകുവിൻ. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തു തന്നതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്ക് ഒരു മാതൃക നൽകിയിരിക്കുന്നു. തന്റെ ഇഹലോക ജീവിതത്തിനുശേഷം ശിഷ്യന്മാർ അനുവർത്തിക്കേണ്ട ദാസ്യഭാവമാണ് അവൻ അവർക്കുമുമ്പിൽ തൻറെ ജീവിതത്തിലൂടെ കാണിച്ചുകൊടുത്തത്. ശുശ്രൂഷയിലൂടെയും ചെറുതാകലിലൂടെയും വലിയവരാകാൻ പഠിക്കുകയാണ് വേണ്ടത്. യേശു എപ്പോഴും ശാസിക്കുന്നത് സ്വാർത്ഥപരമായ അധികാരമോഹത്തെയാണ്. ദൈവരാജ്യത്തിൽ വലിയവരാകാനുള്ള ഒരാളുടെ ആഗ്രഹത്തിന് യേശു തന്നെ വഴി പറഞ്ഞുതരുന്നുണ്ട്. എല്ലാവരുടെയും ശുശ്രൂഷകനാകണം. വലിയവരുടെ ഇടയിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവർ എല്ലാവരുടെയും ദാസരാകണം. മറ്റുള്ളവർക്കായി ജീവൻ അർപ്പിക്കണം.

യേശു ഈ മാതൃക നൽകിയതിനുശേഷം ശിഷ്യന്മാർക്കിടയിൽ പിന്നീട് സ്ഥാനമാനങ്ങളെ കുറിച്ച് തർക്കങ്ങളുണ്ടായിട്ടേയില്ല. യേശുവിനു വേണ്ടി ദൈവജനത്തെ ശുശ്രൂഷിക്കുവാനും അവനെ പ്രതി മരിക്കുവാനും പീഡ അനുഭവിക്കുവാനും അപമാനിതരാകുവാനും ആയിരുന്നു പിന്നീടുള്ള കാലത്തെ ശിഷ്യരുടെ ആഗ്രഹവും മത്സരവും.

കൂടെയുണ്ടായിരുന്നിട്ടും ക്രിസ്തുവിന്റെ ഹൃദയം അറിയുവാൻ പരാജയ



പ്പെട്ടു പോയ ശിഷ്യർ

ഒരു ക്രിസ്ത്യാനി ആദ്യം അറിയേണ്ടത് ക്രിസ്തുവിൻറെ ഹൃദയമാണ്. സ്നേഹിക്കുന്നവർക്ക് തമ്മിൽ ആശയങ്ങൾ കൈമാറാൻ ഒരു നോട്ടം തന്നെ ധാരാളമായിരിക്കെ ജീവിതകാലം മുഴുവൻ അവനെ അനുഗമിക്കുന്നവർക്ക് അവന്റെ ഹൃദയത്തിന് ഇണങ്ങിയവരാകുവാൻ സാധിക്കുന്നില്ല എന്നത് നിർഭാഗ്യകരമാണ്.

ഒരുപാട്കാലം ഒപ്പം ഉണ്ടായിട്ടും അവൻറെ ഹൃദയം അറിയുവാൻ പരാജയപ്പെട്ടുപോയവരുടെ കൂട്ടത്തിൽ സെബദിപുത്രന്മാരും ഉണ്ട്. ക്രിസ്തു മഹത്വത്തിൽ അവന്റെ വലത്തും ഇടത്തുമുള്ള സ്ഥാനമാണ് അവർക്ക് വേണ്ടത്. മർക്കോസിൻറെ സുവിശേഷത്തിലൂടെ ഒന്ന് യാത്ര ചെയ്താൽ ഇവരുടെ യാചന എത്രയോ നിർഭാഗ്യകരമായിപ്പോയെന്ന് നമുക്ക് മനസ്സിലാക്കാനാകും.

തൻറെ പീഡാസഹന മരണ ഉത്ഥാനത്തെക്കുറിച്ച് ഇതിനു മുമ്പ് ഈശോ വ്യക്തമാക്കിയിട്ടുള്ളതാണ്. അവന്റെ രൂപാന്തരീകരണത്തിലും ഇവർ ഇരുവരും ഒപ്പമുണ്ടായിരുന്നതുമാണ്. എന്നിട്ടും ഇവർ അന്വേഷിക്കുന്നത് ഈ ഭൂമിയിലെ മഹത്വവും പ്രതാപവും ആണ്. എന്നാൽ ക്രിസ്തു വന്നത് സ്വയം ബലിയാകുവാൻ ആയിരുന്നു. എന്തിനായിരുന്നു അവൻ ബലിയാകുവാൻ ഇറങ്ങിത്തിരിച്ചത്. അനേകർക്ക് മോചനദ്രവ്യം ആകുവാൻ.

ബലിയല്ല കരുണയാണ് ഞാനാഗ്രഹിക്കുന്നത് എന്ന് ഇനിയും ഒരിക്കൽ കൂടെ ദൈവത്തിന് പരിഭവിക്കുവാൻ സാധിക്കാത്ത വിധത്തിൽ അവന്റെ ബലി തൻൻറെ സഹോദരങ്ങളോട് ഉള്ള വലിയ സ്നേഹത്തിൻറെയും കരുണയുടെയും പ്രകടനമായിരുന്നു. അവൻ ഈ ലോകത്തിൻറെ ചരിത്രത്തിൻറെ ഭാഗമായത് സ്നേഹിക്കുവാൻ വേണ്ടി മാത്രമായിരുന്നു എന്ന് ചുരുക്കം. ഇതുതന്നെയാണ് നാം അവനിൽ നിന്നും കണ്ടുപഠിക്കേണ്ടതും. ഈ കാഴ്ചയാണ് അവന്റെ അനുയായികൾക്ക് വേണ്ടതും. അന്ധനായ ബർതിമായിയോട് ചോദിക്കുന്ന അതേ ചോദ്യമാണ് ക്രിസ്തു സെബദിപുത്രൻമാരോടും ചോദിക്കുന്നത് "ഞാൻ നിനക്കുവേണ്ടി എന്തുചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" അവനെ അനുഗമിക്കുന്ന എല്ലാവരുടെയും നയനങ്ങൾ തുറക്കേണ്ടതുണ്ട്, തന്റെ സഹജനെ സ്നേഹിക്കുക എന്നതിൽ കവിഞ്ഞു വലുതായി ഒന്നും തന്നെ ഈ ലോകത്ത് തനിക്ക് ചെയ്യാനില്ല എന്ന ലളിതമായ കാര്യം ഗ്രഹിക്കുവാൻ.

ജീവിതത്തിന്റെ ജയ പരാജയങ്ങളുടെ നിർണയം ദൈവപദ്ധതിക്കു അനുസൃതം

ഇഹലോകജീവിതത്തിൽ ഒഴിച്ചുകൂട്ടാനാവാത്ത അവസ്ഥകളാണ് ജയവും പരാജയവും. എന്നാൽ എന്തു മാനദണ്ഡം ഉപയോഗിച്ചാണ് നാമിന്ന് പ്രവർത്തികളിലെ ജയപരാജയങ്ങൾ വിലയിരുത്തുന്നത്? പരീക്ഷകളിലും മറ്റും ഇത് നിർണ്ണയിക്കുന്നതിനായി മുൻകൂട്ടി നിശ്ചയിച്ച വിഷയാനുബന്ധമായ ഉത്തരങ്ങൾ ഉണ്ട്. പക്ഷേ, ജീവിതത്തിലെ മറ്റവസരങ്ങളിൽ വ്യക്തമായ ഉത്തരങ്ങളുടെ അഭാവത്തിൽ നമ്മൾ ജയപരാജയങ്ങൾ നിർണ്ണയിക്കുന്നത് ഒത്തുനോക്കലുകളിലൂടെയാണ്. സമൂഹത്തിൽ ഒരു ശരാശരി കണക്കാക്കി, അതിനുപരിയായി നിൽക്കുന്നവരെ വിജയി എന്നും, താഴെയുള്ളവരെ പരാജിതർ എന്നും മുദ്രകുത്തുന്നതാണ് ലോകത്തിന്റെ രീതി. ഇത്തരമൊരു കാഴ്ചപ്പാടിലൂടെ ജയപരാജയങ്ങളെ നോക്കിക്കാണുമ്പോൾ, ഒരാളുടെ വിജത്തിന് ഒട്ടേറെപ്പേരുടെ പരാജയം ആവശ്യമായി വരുന്നു; പിടിച്ചടക്കിയവന്റെ അട്ടഹാസം പരാജിതരുടെ ദീനരോദനങ്ങളിൽപെട്ട് ഇല്ലാതാകുന്ന ഒരുതരം ദുരവസ്ഥ. ഇന്നത്തെ വചനഭാഗത്തിൽ കണ്ടുമുട്ടുന്ന യാക്കോബിന്റെയും യോഹന്നാന്റെയും സ്ഥിതിയും ഇതിൽ നിന്നും ഒട്ടും ഭിന്നമല്ല. പന്ത്രണ്ടു പേരുടെ ഒരു കൂട്ടായ്മയിൽ അഗ്രഗണ്യരാകണമെങ്കിൽ മറ്റു പത്തുപേരെയും തോൽപ്പിക്കണം എന്ന ലൌകീക ചിന്തയാണ് അവരെ ആ അപേക്ഷയുമായി യേശുവിനെ സമീപിക്കാൻ പ്രേരിപ്പിച്ചത്. നാമിന്നെങ്ങിനെയാണ് ജീവിതത്തിലെ ജയപരാജയങ്ങളെ വിലയിരുത്തുന്നത്?

ഒരു പ്രവൃത്തിയെ വിജയവും പരാജയവുമായി ദൈവം വിലയിരുത്തുന്നത് ലോകത്തിന്റെ കണക്കുകൂട്ടലുകളിൽ നിന്നും വ്യത്യസ്തമായിട്ടാണെന്ന മറുപടിയാണ് ഈശോ തന്റെ ശിഷ്യർക്ക് നൽകുന്നത്. കാരണം, 'കർത്താവ് അരുളിച്ചെയ്യുന്നു:എന്റെ ചിന്തകൾ നിങ്ങളുടെതു പോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതു പോലെയുമല്ല. ആകാശം ഭൂമിയേക്കാളും ഉയർന്നുനിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ' (ഏശയ്യാ 55:8, 9). ദൈവം പരാജയപ്പെടുന്നതിനായി ആരെയും സൃഷ്ടിക്കുന്നില്ല. എല്ലാവരും വിജയിക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം, അതിനുള്ള പദ്ധ്യതികളാണ് അവിടുന്ന് നമുക്കായി ഒരുക്കി വച്ചിരിക്കുന്നത്. ദൈവത്തിന്റെ ദൃഷ്ടിയിൽ വിജയം എന്നത് മറ്റുള്ളവരേക്കാൾ മികവുള്ളതായിരിക്കുക എന്നല്ല അർത്ഥമാക്കുന്നത്. യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ ആത്മാവിനെ സ്വീകരിച്ച്, ദൈവഹിതം എന്തെന്ന് അറിഞ്ഞ് അതനുസരിച്ചു ജീവിക്കുമ്പോഴാണ് ഒരാൾ ദൈവത്തിന്റെ കാഴ്ചപ്പാടിൽ വിജയിയാകുന്നത്. ഈ ലോകത്തുള്ള ഓരോ വ്യക്തിയും വ്യത്യസ്തരായിരിക്കുന്നതുപോലെ തന്നെ ഓരോരുത്തർക്കുമുള്ള ദൈവീകപദ്ധ്യതിയിലും വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെ മറ്റുള്ളവരുടെ ജീവിതവുമായി തുലനംചെയ്ത് ഒരു വ്യക്തിയുടെ ജീവിതം വിജയമാണോ പരാജയമാണോ എന്നു വിധിയെഴുതുന്നതും തെറ്റാണ്.

ലാവണ്യദർശനം

അകക്കണ്ണുകൊണ്ട് വരയ്ക്കുന്ന ചിത്രങ്ങൾ

ഡെറിൻ രാജു

എല്ലാ ചിത്രങ്ങളും കൈകൊണ്ട് വരയ്ക്കുന്നതല്ല!

അകക്കണ്ണുകൊണ്ട് നമ്മൾ വരയ്ക്കുന്ന ചിത്രങ്ങളുണ്ട്.

മറിയാമിനെപ്പറ്റി അത്തരം ചില ചിത്രങ്ങളുണ്ട്. ഒരു സന്ദേശവാഹകൻ അയാൾക്ക് ഒട്ടുമേ പരിചിതമല്ലാത്ത ഒരു വിധേയത്വഭാവത്തിൽ നടത്തുന്ന ഒരു അഭിസംബോധനയിലും ആഹ്വാനത്തിലും പരിഭ്രമിക്കുന്ന ഒരു നിരാലംബയായ ദേവാലയവാസിയായ ഒരു പെൺകുട്ടിയുടെ ചിത്രമാണതിൽ ആദ്യത്തേത്. പിന്നീട്, വഴിയമ്പലങ്ങളിൽ ഇടമില്ലാതെ ഒരു മുറി എവിടെങ്കിലും കണ്ടെത്താൻ പരതുന്ന ഒരു ഗർഭിണിയിൽ തുടങ്ങി വാളിന്റെ വായ്ത്തലകൾക്കിടയിലൂടെ ഒരു കുഞ്ഞിനെ മാറോടണച്ചോടുന്ന ഒരമ്മയിൽ തുടർന്ന എത്രയധികം ചിത്രങ്ങളാണ് മറിയാമിനെപ്പറ്റി ഓർക്കുമ്പോൾ നമ്മുടെ മുമ്പിൽ തെളിയുന്നത്? അവസാനം മതനിന്ദയും രാജനിന്ദയും ആരോപിച്ച് കൊല ചെയ്ത ഒരു വിപ്ലവകാരിയുടെ കഴുമരത്തിന്റെ ചുവട്ടിൽ നിന്ന ലോകപ്രകാരം ഹതഭാഗ്യയായ അവന്റെ അമ്മ.

ആത്മസംഘർഷങ്ങളുടെ കടലാഴങ്ങളിലും അവൾ സ്ഥിരചിത്തയായിരുന്നു. കോട്ടകൾ പോലെ തന്റെ മുമ്പിലുയർന്ന പ്രതിസന്ധികളേയും പരിഹാസങ്ങളെയും അവൾ എങ്ങനെയായിരിക്കും അതിജീവിച്ചിട്ടുണ്ടാകുക? ഭ്രാന്തനായ നസറേത്തുകാരന്റെ അമ്മയെന്ന ആക്ഷേപം എത്രവട്ടമവൾ കേട്ടിരിക്കാം. എങ്കിലും തന്റെ നിയോഗത്തെ അവിശ്വസിക്കാതെ തന്റെ വിളിയിൽ നിലനിന്ന ഒരുവൾ. ആ നിലനിൽപ്പിന്റെ ഫലമാണ് കാലാതിവർത്തിയായ ആ സ്മരണ. തലമുറകളുടെ പൈദാഹങ്ങളെ അടക്കിയ ഉറവ ഉദയം ചെയ്ത ഭൂമിയാണവൾ. ആ ഓർമ്മ തന്നെ ഒരു ധൈര്യമാണ്; ആനന്ദദായകമായ തെളിനീരു പോലൊരു ഓർമ്മ.

മനസ് ചഞ്ചലമാകുമ്പോൾ, ബോധ്യങ്ങളുലയുമ്പോൾ ഉറപ്പിച്ചു നിർത്തുവാനുള്ള ഒരു കടിഞ്ഞാണാണ് വിമല കന്യകയുടെ ഓർമ്മ. എക്കാലവും നിലനിൽക്കുന്ന ചൈതന്യവത്തായ ഒരോർമ്മ. ആ ജീവിതമപ്പാടെ ഒരു



ധ്യാനമായിരുന്നു; പൂർണ അർഥത്തിൽ ഒരു പ്രാർഥനയായിരുന്നു. ഇരുൾ മൂടിയ നമ്മുടെ പാതയോരങ്ങളിൽ വെളിച്ചമേകി തെളിഞ്ഞ് കത്തുന്ന ഒരു വഴിവിളക്കാണത്. കാറ്റിലുലയാത്ത, മഴയിൽ കെടാത്തതൊന്ന്.

◆

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

The Quest for Greatness

(First Sunday After Shoonoyo, Mark 10:35-45)

Fr. Sajoie Samuel



The sons of Zebdee, James and John, come upto Jesus and request Him to allow them to sit on His side when He shone in glory. Jesus gracefully instructs them about the import of their request. This naturally irks the other disciples, who were themselves eyeing the same. Jesus, as usual, takes the opportunity to teach the disciples what was expected of them.

I. HUMBLE SUPPLICATIONS GAIN GOD'S FAVOR

There is an old fable that reiterates the advantages of being soft in speech. Once a king and his men went out on a hunting spree. They toiled from dawn to dusk but could not catch a prey. In the evening, the king stopped for a while and told his men to arrange water for him. An official went and saw an old man, but spoke in a rude manner. The old man refused to help. The king sent another official who again spoke in a haughty manner to the old man. Finally the king went and spoke to the old man on a very courteous and humble manner. Immediately the old man obliged and granted the king's request.

We see a similar strain of haughty and demanding request on the part of the disciples James and John. "Teacher, we want you to do for us whatever we ask of you" (vs35). They were wanting Jesus to return them the favor of being His disciple. But we see the calmness and tranquility in the demeanor of Jesus when He answers them. Though He knew their inner thoughts, He does not get angry at them nor send them away un heeded. Rather He spoke to them cordially and gave them a lesson to learn so that they would be worthy of the request they were asking for.

The Roman Centurion is an epitome of humility when he says he is not worthy of Jesus come to his home (Luke 07). The Prodigal Son requests his father to accept him back, not as a son, as he is not worthy of it (Luke 15). In the wedding of Cana, Mary being the mother of Jesus, takes no liberty and tells the servants there to do as Jesus told them to do (John 02). The repentant thief too, shows the same pious attitude when he humbly requests Jesus to remember him too (Luke 23). These individuals are apt examples to us, on how we are to ask of our requests to God.

Our humble supplications teach us what we should and what we should not demand from God. Our humility is the best gift we can give to God. We need to check our motives when we pray. Let our prayers be a pleasant aroma in God's presence rather than create divisions among our brethren. When James and John voice their request to Jesus, it created a rift among the other disciples. Let our prayer ascend to God's presence and grant us divine blessings both in heaven and on earth.

II. EARN PERSONAL GLORY BY SERVING OTHERS

Every life on earth looks for being praised. A ravaging dog can be pacified by caressing it and making it feel loved. An infant when praised feels elated. So human quest for glory isn't new found. And it is here that Satan inflates our ego. It made Adam and Eve fall from grace. They had everything at their fingertips. But their disobedience cost them all their luxuries. So whenever human race has digressed from the path of virtue, the defaulter has had to learn the truth the harsh way.

Fortunately, the path to heavenly glory passes through earthly humility. If u serve on earth, you will be served in heaven in the eternal banquet. So Jesus washes the feet of his disciples to show them how they had to be proper stewards in their future ministry. Even on the brink of crucifixion, Jesus did not think about the pain and suffering He was about to undergo, but rather became the model of serving others. Without serving others with humility, none can enter the gates of heaven.

To quote Mother Teresa: "Helping hands are better than praying lips". Unquote. If we want to serve God, then we need to serve first the needy and the distraught amonst us. For God surely has a soft corner towards the poor. That's why, when the rich were donating large sums of money in the temple treasury, Jesus' attention went to the lady who dropped a coin, which was all she had. While humans see the outside, God sees the outside as well as the inside. He gives more emphasis to the inside.

To sum up lets take a leaf out of the life of Mother Mary to see how she served others even when a sword was to pierce through her heart. Not even once did she complain to God about the suffering she had to undergo. In this fifteen days lent, let us mend our spiritual life so that we could be service oriented in our faith. May the Holy Spirit strengthen us to be the right stewards of the Christian faith. ◆